സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

മുക്കം നഗരസഭ . 2015-16

ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:..........................................

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ കെകെഡി പി 14/754/17

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

കോഴിക്കോട് ജില്ല

തീയതി 31.1.2017

പ്രസിഡന്റ് (സെക്രട്ടറി) മുഖേന

മുക്കം നഗരസഭ

സർ,

വിഷയം : മുക്കം നഗരസഭ - 2015 – 16 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുക്കം നഗരമഭയുടെ 2015-16 സാമ്പത്തികവർഷത്തെ (1.11.2015 – 31.3.2016) ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള നഗരപാലിക-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ നഗരപാലിക പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ,

പകർപ്പ് :

1)സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)റിജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെഎസ്എ കെകെഡി പി 14/754/17 തിയ്യതി : 31.1.2017

## കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ

## 2015 – 16 സാമ്പത്തിക വർഷത്തെ (1.11.2015 – 31.3.2016)ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 29.01.16 മുതൽ 31.03.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : ശ്രീ ഉണ്ണിക്കൃഷ്ണൻ.പി<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : 16.01.17 മുതൽ 30.01.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : ബാലസുബ്രമഹ്ണ്യൻ എ കെ | ഓഡിറ്റ് ഓഫീസർ |
| | ഷൈന എ കെ | അസി.ഓഡിറ്റ് ഓഫീസർ |
| | പി ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | അനിൽ കുമാർ.എം ഡി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | വി.കുഞ്ഞൻ മാസ്റ്റർ | 1.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | | ഗീരീഷ് കുമാർ.കെ. | 1.11.15 മുതൽ 31.03.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ധന്യ | 1.11.15മുതൽ 31.12.15 വരെ |
| | റസീന.എൻ.പി | 1.01.16മുതൽ 31.03.16 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | സ്മിത.കെ | 1.11.15മുതൽ 31.03.16 വരെ |
| അസി.സെക്രട്ടറി | ഷാനവാസ്.ഇ | 1.11.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.സത്യവതി | 1.11.15മുതൽ 31.03.16 വരെ |
| ഹെഡ്മാസ്റ്റർ | ഇബ്രാഹിം.കെ | 1.11.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ.പിഎച്ച് സി | ഡോ.കെ.ആലിക്കുട്ടി | 1.11.15മുതൽ 31.03.16 വരെ |
| വെറ്റിനറി സർജൻ | ഡോ.സി.വി.രവി | 1.11.15മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ.(ഹോമിയോ) | ഡോ.മൃദുല ഗോപിനാഥൻ | 1.11.15മുതൽ 31.03.16വരെ |
| ക്ഷീരവികസനഓഫീസർ | ബിനു മോൻ | 1.11.15മുതൽ 31.03.16വരെ |
| കൃഷി ഓഫീസർ | സബീന സാജിത് | 1.11.15മുതൽ 01.02.16വരെ |
| | സാജിത് അഹമ്മദ്. | 01.02.16മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക സർട്ടിഫിക്കറ്റ് വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം | 1-11 | |
| ഭാഗം - 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 2-1 | |
| 13 | നിരവധി കൈവശാവകാശ രേഖയ്ക്ക് അടുത്തടുത്ത ഭൂമിയാണെന്ന് കാണിക്കാതെ നിർമ്മാണ പെർമിറ്റ് നൽകി | 2-2 | |
| 14 | നിലവിലുള്ള കെട്ടിടങ്ങൾ കാണിക്കാതെ അതേ സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നു- എഫ് എ ആർ, കവറേജ് എന്നിവ കുറച്ച് കാണിക്കുന്നു. | 2-3 | |
| 15 | പരസ്യ നികുതി - ലേലതുക ഈടാക്കിയില്ല. | 2-4 | |
| 16 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്. | 2-5 | |
| 17 | ശരിയായ അകലം പാലിക്കാതെ തയ്യാറാക്കിയ പെർമിറ്റിന് അനുമതി നൽകി | 2-6 | |
| 18 | 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ | 2-7 | |

| | | | |
|---|---|---|---|
| | വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല | | |
| 19 | ചില സ്ഥാപനങ്ങൾ മിനിമം വേതനം നൽകുന്നില്ല- തൊഴിൽ നികുതിയിനത്തിൽ വൻ കുറവ് | 2-8 | |
| 20 | പഴയ കംഫർട്ട് സ്റ്റേഷൻ ലേലം - അപാകതകൾ | 2-9 | |
| ഭാഗം - 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 21 | ടാറിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു. | 3-1 | |
| 22 | റോഡ് കോൺക്രീറ്റ് പരിധിയിൽ കവിഞ്ഞ അളവിൽ ചെയ്തു. നിലം കോൺക്രീറ്റിനുള്ള അധിക നിരക്ക് റോഡ് കോൺക്രീറ്റിന് നല്കി | 3-2 | |
| 23 | ഐആർസി സ്പെസിഫിക്കേഷനു വിരുദ്ധമായി റോഡിൽ കരിങ്കല്ല് പാകിയതിനു മുകളിൽ കോൺക്രീറ്റ് ചെയ്തു | 3-3 | |
| 24 | ഐആർസി സ്പെസിഫിക്കേഷനു വിരുദ്ധമായി റോഡിൽ കരിങ്കല്ല് പാകിയതിനു മുകളിൽ കോൺക്രീറ്റ് ചെയ്തു. കോൺക്രീറ്റിന് അധിക നിരക്ക് നല്കി | 3-4 | |
| 25 | പത്ര പരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു. | 3-5 | |
| 26 | പാലിയേറ്റീവ് പരിചരണ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭിച്ചില്ല | 3-6 | |
| 27 | കാലിത്തീറ്റ സബ്സിഡി വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല. | 3-7 | |
| 28 | കരാറിൽ നിന്ന് പിൻമാറിയവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല | 3-8 | |
| 29 | കാലഹരണപ്പെട്ട മരുന്നുകൾ സൂക്ഷിക്കുന്നു | 3-9 | |
| 30 | കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് പരിചരണ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-10 | |
| 31 | സാമാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ | 3-11 | |
| 32 | നടപ്പാക്കാനാവുന്നതിൽ കൂടുതൽ പ്രോജക്ട് ഏറ്റെടുത്ത് പദ്ധതിപ്പണം പാഴാക്കുന്നു. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നില്ല. | 3-12 | |
| 33 | സബ്സിഡി മാനദണ്ഡം പാലിക്കാതെ ധാതു ലവണങ്ങളും വിരമരുന്നും വിതരണം ചെയ്യുന്നു. | 3-13 | |
| 34 | നഗരസഭയിലെ ഐ കെ എം സോഫ്റ്റ്വെയറുകളുടെ പ്രവർത്തനം തൃപ്തികരമല്ല. | 3-14 | |
| 35 | അഡ്വാൻസ് നൽകി- ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-15 | |
| 36 | ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച | 3-16 | |
| 37 | വികസനഫണ്ട് വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചു | 3-17 | |
| 38 | പശ്ചിമ ഘട്ട വികസന പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-18 | |
| 37 | അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്) നീക്കം ചെയ്യാൻ വൻ തുക ചെലവഴിച്ചു | 3-19 | |
| 39 | ആശാദീപം പദ്ധതി -മാർഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി | 3-20 | |
| 40 | പാലിയേറ്റീവ് പരിചരണ പദ്ധതി - വാങ്ങിയ ഇന്ധനം വാഹനത്തിൽ നിറച്ചില്ല | 3-21 | |
| 41 | മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച്ച | 3-22 | |
| ഭാഗം - 4<br>പൊതുവിവരവും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 42 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെട്ടിടനിർമ്മാണ ചട്ടങ്ങളും | 4-1 | |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |

| | | | |
|---|---|---|---|
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 46 | വായ്പ/വായ്പ തിരിച്ചടവ് | 4-5 | |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-6 | |
| 48 | ഓഡിറ്റ് റിക്കവറി | 4-7 | |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 | |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |
| 52 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015 - 16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 28.03.15 തിയതിയിലെ 59/15. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 28.9.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-2016 | 16.1.2017-30.1.2017 | - |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42542342 |
| വരവ് | 57110146 |
| ആകെ | 99652488 |
| ചെലവ് | 69690024 |
| നീക്കിയിരിപ്പ് | 29962464 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2109595 | 6376800 | 8486395 | 8486395 | 0 |
| വികസനഫണ്ട് എസ്.സി.പി. | 7801959 | 5529469 | 13331428 | 13331428 | |
| വികസനഫണ്ട് ടി.എസ്.പി. | 107753 | | 107753 | 107753 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1497142 | 14301639 | 15798781 | 15798781 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1601895 | 1333386 | 2935281 | 2935281 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5014504 | 3631249 | 8645753 | 8645753 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1486365 | 882838 | 2369203 | 2369203 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 663015 | 663015 | 663015 | 0 |
| ബി ഫണ്ട് | | 405360 | 405360 | 405360 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 383 | 152573912 | 232 | 56266324 | 6 | 145 | |
| | | | | | | |

## 1-7 തനത് വരുമാനം.

സ്ഥാപനത്തിന് 1.11.2015 മുതൽ 31.3.2016 വരെ ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം തുക വരവുണ്ട്.

| ഇനം | തൻവർഷം |
|---|---|
| നികുതി വരവുകൾ | 7132985 |
| നികുതിയേതര വരവുകൾ | 1763171 |
| മറ്റുവരവുകൾ | 223000 |
| ആകെ | 9119156 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | | 103 |
| കർഷകതൊഴിലാളി പെൻഷൻ | | 930 |

| | | |
|---|---|---|
| വിധവാപെൻഷൻ | | 1349 |
| വാർദ്ധക്യകാലപെൻഷൻ | | 1021 |
| വികലാംഗപെൻഷൻ | | 399 |

വാർഷിക ധനകാര്യപത്രികയിലും, ബന്ധപ്പെട്ട രജിസ്റ്ററുകളിലും ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.17 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 85691 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം(ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ)

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2015 | 1.4.15 – 31.10.15 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.07.15 | 1.04.13 – 31.03.14 | LBA/AR /13-14/1141<br>31.7.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2015- 16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) എസ് ബി ഐ സെൻട്രൽ ഫണ്ട് 31.10.2015 ന് വാർഷിക ധനകാര്യപത്രിക പ്രകാരം 8,51,293 രൂപയാണെങ്കിൽ 1.11.2015 ൽ ഇതേ അക്കൗണ്ടിൽ മുന്നിരിപ്പായി 5,31,956 രൂപയാണ് രേഖപ്പെടുത്തിയത്.

2) തനത് ഫണ്ട് പാസ്സ്ബുക്ക് പ്രകാരം 31.3.2016 ലെ ബാലൻസ് 1,74,61,320 രൂപയാണെങ്കിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 1,74,58,606 രൂപയാണ്.

3) നഗരസഭയിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

5) ഡി & ഒ ലൈസൻസ് വരവ് 37,300രൂപയാണെങ്കിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 22,900 രൂപയാണ്.

6) അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ഇവയിലെ വരവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കാനായില്ല.

7) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷരജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

8) 1.11.2015 മുതൽ നഗരസഭയായെങ്കിലും ഫെബ്രുവരി 20 വരെ ചെലവുകൾ പഞ്ചായത്തിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചത്.

9) ബി ഫണ്ട് വരവ്- ചെലവുകൾ ധനകാര്യപത്രികയിൽ വന്നിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 2-2 നിരവധി കൈവശാവകാശ രേഖയ്ക്ക് അടുത്തടുത്ത ഭൂമിയാണെന്ന് കാണിക്കാതെ നിർമ്മാണ പെർമിറ്റ് നൽകി

അപേക്ഷാ നം.- 541/15 തി. 13.1.2015

പെർമിറ്റ് നം.- BL/ 26/15-16

ഈ പെർമിറ്റ് ശ്രീ അബ്ദുള്ള, 2) ശ്രീ നിസാർ അഹമ്മദ്, 3) ശ്രീമതി ഫൗസിഅഹമ്മദ്, മലോൽ വീട് ചേന്ദമംഗല്ലൂർ പി ഒ, എന്നവർക്കാണ് നൽകിയത്. ഈ പെർമിറ്റ് 2131.20 ച.മീ വാണിജ്യകെട്ടിടത്തിനാണ് പെർമിറ്റ്. ഈ കെട്ടിടം നിർമ്മിക്കാൻ 84.89 സെന്റ് ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. വിശദാംശം താഴെ :-

| ക്രമ നം | കൈവശാവകാശ സർട്ടിഫിക്കറ്റ് നം | ഭൂമിയുടെ അളവ്- സെന്റിൽ | റീ സർവ്വേ നം. | ആധാരം നം. |
|---|---|---|---|---|
| 1 | 1490/14 dtd.31.12.14 | 20.00 | 260/4 | 3574/10SRO Mukkam |
| 2 | 1491/14 dtd.31.12.14 | 4.44 | 260/2,3 | 4428/08 do |
| 3 | 1489/14 dtd 31.12.14 | 4.25 | 260/4 | 3634/2010 do |
| 4 | 1495/14 dtd 31.12.14 | 2.50 | 260/2,4 | 3388/2012; 33/2012 |
| 5 | 1494/14 dtd 31.12.14 | 35.25 | 260/2 | 33/13 |
| 6 | 1492/14 dtd 31.12.14 | 18.45 | 260/2 | 4729/08 |
| | ആകെ | 84.89 | | |

ഈ പെർമിറ്റ് ലഭിക്കാൻ മേൽപറഞ്ഞ ഭൂമിയുടെ രേഖകളാണ് ഹാജരാക്കിയത്. എന്നാൽ ഇവ അടുത്തടുത്ത ഭൂമിയാണെന്ന് തെളിയിക്കാൻ റവന്യൂ അധികാരികൾ നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ എന്നിവ ഹാജരാക്കാതെയാണ് പെർമിറ്റ് നൽകിയത്.

മതിയായ രേഖകൾ ഇല്ലാതെ പെർമിറ്റ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-3 നിലവിലുള്ള കെട്ടിടങ്ങൾ കാണിക്കാതെ അതേ സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നു- എഫ് എ ആർ, കവറേജ് എന്നിവ കുറച്ച് കാണിക്കുന്നു.

അപേക്ഷാ നം.- 8550/15 പെർമിറ്റ് നം. 285/15-16 dtd. 31.10.2015

ശ്രീ വെങ്കണപ്പൊയിൽ അബ്ദുസ്സലാം, കീലത്ത് ഉമ്മർ മൗലവി, വല്ലത്തായ്പാറ, അള്ളി പി ഒ എന്നവരാണ് അപേക്ഷകർ. ഇവരുടെ അപേക്ഷയിൽ 304.26 ച.മീ. വിസ്തൃതിയുള്ള കെട്ടിടത്തിനാണ് പെർമിറ്റ് ആവശ്യപ്പെട്ടത്.

| | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ (proposed) | 126.42 ച. മീ |
| ഫസ്റ്റ് ഫ്ലോർ | 164.68 ച. മീ |
| സ്റ്റെയർ റൂം | 13.16 ച. മീ |
| ആകെ | 304.26 ച. മീ |

ഈ കെട്ടിടത്തിന് പെർമിറ്റ് നൽകാൻ ഹാജരാക്കിയ കൈവശാവകാശ സർട്ടിഫിക്കറ്റ് നം. 1032/ 15 dtd 15.6.15 ആണ്. ഇതിൽ 23.38 സെന്റ് തോട്ടം ഉണ്ട്.

ഈ പെർമിറ്റിന്റെ സർവ്വീസ് പ്ളാൻ പരിശോധിച്ചതിൽ ഈ സ്ഥലത്ത് നിലവിൽ ഒരു വീട്ടം, കൂടാതെ ഒരു ക്വാർട്ടേഴ്സും ഉണ്ട്. എന്നാൽ ഇതിന്റെ അളവ് രേഖപ്പെടുത്തുകയോ, FAR, Coverage എന്നിവ കണക്കാക്കാൻ ഇവ കണക്കിലെടുക്കുകയോ ചെയ്തിട്ടില്ല. ഇതിൽ രേഖപ്പെടുത്തിയ FAR 0.32 (304.26/ 946.18) ഉം, കവറേജ് 17.40 % (164.68x100/946.18) വും ആണ് കാണിച്ചത്.

നിലവിലുള്ള കെട്ടിടങ്ങൾ പ്ലാനുകളിൽ കാണിക്കാതെ തെറ്റായ അളവുകൾ രേഖപ്പെടുത്തിയതിന് പെർമിറ്റ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇത്തരത്തിൽ മറ്റ് പെർമിറ്റുകൾ നൽകിയിട്ടുണ്ടെങ്കിൽ പരിശോധന നടത്തേണ്ടതുമാണ്. പെർമിറ്റ് നൽകിയത് പുന:പരിശോധന നടത്തേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 പരസ്യ നികുതി - ലേലതുക ഈടാക്കിയില്ല.

നഗരസഭയിലെ പരസ്യ നികുതി പിരിക്കുന്നതിനായുള്ള ലേലം 13.3.15 ന് നടക്കുകയും പ്രസ്തുത ലേലത്തിൽ 32500 രൂപക്ക് ശ്രീ.അനീസ് പുത്തൂർ എന്നയാൾക്ക് ഏൽപ്പിക്കുകയും ചെയ്തു. ലേല നിബന്ധനയുടെ ഭാഗമായി ഡിപ്പോസിറ്റ് തുകയായി 1000 രൂപയും(115041-322/13.3.15) ആദ്യ ഘഡുവായി 10500 രൂപയും (115040-201/16.4.15) അടവാക്കിയിട്ടുണ്ട്. ബാലൻസ് തുകയായ 21000 രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. ശ്രീ.അനീസ് പുത്തൂർ എന്നവരുമായി പഞ്ചായത്ത് സെക്രട്ടറി രേഖാമൂലമുള്ള കരാർ ചമച്ചില്ല. 1996 കേരള പഞ്ചായത്ത് രാജ് (കരാർ)

ചട്ടങ്ങൾ പ്രകാരം സെക്രട്ടറി പ്രസ്തുത വ്യക്തിയുമായി 1959ലെ കേരള മുദ്രപത്ര നിയമത്തിലെ ബന്ധപ്പെട്ട വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മുദ്രപത്രത്തിൽ രേഖാമൂലം കരാറിൽ ഏർപ്പെടേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം, ജോലി പൂർത്തീകരിക്കേണ്ട തീയതി തുടങ്ങിയവ അതത് സംഗതി പോലെ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.മേൽ തുക ഈടാക്കുന്നതിനായി നാളിതുവരെ നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല . പരസ്യ നികുതിയിനത്തൽ പഞ്ചായത്ത് ഫണ്ടിന് കുടിശ്ശിക വരുത്തിയ തുക 21000 രൂപ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 34ാം എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല.തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്

## 2-5 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്.

ഓഡിറ്റ് കാലയളവിൽ താഴെ കൊടുക്കുന്ന സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീ ചുമത്തിയതിൽ കുറവു വന്നിരിക്കുന്നു. ലൈസൻസിനായി വ്യാപാരികൾ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയ യന്ത്രശക്തി ആധാരമാക്കി ചുമത്തേണ്ട ഫീസ് താഴെ കൊടുക്കുന്നു.

| നമ്പർ | പേര് സ്ഥാപനത്തിന്റെ പേര് | രേഖപ്പെടുത്തിയ പ്രതിദിന വിറ്റുവരവ്/യന്ത്രശക്തി | അടവാക്കിയ തുക രശീതി നം, തീയ്യതി | അടവാക്കേണ്ട തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 18/342 | ജീലജോർജ് ഈർച്ച മിൽ | 45 HP | 300/6.2.16 115041-1478 | 500 | 200 |
| 1/358 | മുഹമ്മദ് ഇസ്മായിൽ ടയർറീസോളിംഗ് | 15 HP | 100/6.2.16 114041-9290 | 200 | 100 |
| | | | | ആകെ | 300 |

2. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ, കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നീ സ്ഥാപനങ്ങൾക്ക് ഓഡിറ്റ് കാലയളവിൽ ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഈടാക്കിയതിൽ കുറവായ അടവാക്കേണ്ടതും അപാകതകക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്

## 2-6 ശരിയായ അകലം പാലിക്കാതെ തയ്യാറാക്കിയ പെർമിറ്റിന് അനുമതി നൽകി

അപേക്ഷ നം. 9722/15

ബിൽഡിംഗ് ലൈസൻസ് നം. 216/15-16 dtd 15.9.2015

ഈ ലൈസൻസ് നൽകിയത് ശ്രീമതി ലിസ്സി കോമളരാജൻ, കോമളരാജൻ, കൈപ്പേംകുഴിയിൽ, മണാശ്ശേരി പി ഒ എന്നർക്കാണ്. ഇവരുടെ കെട്ടിടത്തിന് തറ നില- 100.32 ച. മീ, ഒന്നാം നില- 138.16 ച. മീ വിസ്തീർണ്ണമുണ്ട്. ഇതിനായി ഹാജരാക്കിയ കൈവശാവകാശ സർട്ടിഫിക്കറ്റ് 7 സെന്റ് ( നം. 1267/15 തി. 23.7.15) 5 സെന്റ് (452/15 ) എന്നിവയാണ്.

പ്ലാൻ പ്രകാരം തറനില മുക്കം- കോഴിക്കോട് റോഡിൽ നിന്നും 3.20 മീറ്റർ അകലം പാലിച്ചിട്ടാണ് നിർമ്മിക്കുന്നത്. എന്നാൽ ഇതിന്റെ ഒന്നാംനില 1.2 മീറ്റർ വരാന്ത എക്സ്റ്റൻഷൻ നടത്തിയിട്ടുണ്ട്. ഇതിനാൽ റോഡിൽ നിന്നുള്ള ശരിയായ അകലം 2 മീറ്റർ ആയി കുറയുന്നതാണ്. ഇത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമാണ്.

ചട്ടങ്ങൾ പാലിക്കാതെ പെർമിറ്റിന് അനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, അനന്തരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ

അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

ചട്ടം 11 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2015 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. 2014-15 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 860 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇവയിൽ 526 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ- മെയ് മാസങ്ങൾ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലുമാണ് പുതുക്കിയത്.

ഗ്രാമപഞ്ചായത്ത് നഗരസഭയായി മാറിയപ്പോൾ ഡിസംബർ, ജനവരി മാസങ്ങളിൽ 102 ലൈസൻസ് ഫീ നൽകിയിട്ടുണ്ട്. ഇതിൽ 32 ലൈസൻസുകൾ പുതുക്കി നൽകിയതാണ്.

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകുന്നതിന് വിശദീകരണം നൽകേണ്ടതും എല്ലാ വ്യാപാരങ്ങൾക്കും ചട്ടപ്രകാരം ലൈസൻസ് നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## **2-8** ചില സ്ഥാപനങ്ങൾ മിനിമം വേതനം നൽകുന്നില്ല- തൊഴിൽ നികുതിയിനത്തിൽ വൻ കുറവ്

ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ സ്ഥാപനങ്ങളുടെ തൊഴിൽനികുതി അടവാക്കിയ റിട്ടേൺ പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങൾ അവരുടെ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അതതു സമയങ്ങളിൽ പാസാക്കിയ ഉത്തരവുകൾ അനുസരിച്ചുള്ള മിനിമം വേതനം നൽകുന്നില്ല എന്നു കാണുന്നു. കൂടാതെ ചിലരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഉണ്ടായില്ല. വിശദാംശം ചുവടെ :-

I. ക്വാറി ഉടമയിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല.

നാല് ക്വാറികൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ :-

| ക്രമ നം. | ലൈസൻസിയുടെ പേര് | ഈടാക്കിയ ലൈസൻസ് തുക, രസീത് നം | ഈടാക്കിയ തൊഴിൽനികുതി, രസീത് നം | കുറിപ്പുകൾ |
|---|---|---|---|---|
| 1 | ഷാഹുൽ ഹമീദ്, കരിമ്പങ്ങൽ- വീട്, മലയമ്മ പി ഒ, - സഫ സ്റ്റോൺ ക്രഷർ | 1000 രൂപ 115041-2808/ 28.07.2015 | 600രൂപ 1150412810/ 28.7.2015 | |
| 2 | ടി | 1000 രൂപ 115041-2809/ 28.07.2015 | | |
| 3 | അബ്ദുൽ റഹീം, ചന്ദനപ്പറമ്പിൽ, നീലേശ്വരം പി ഒ, | 1000 രൂപ 115041-3382/ 22.08.2015 | 1000 രൂപ 115041-3383/ 22.08.2015 | |
| 4 | അബ്ദുൽ റഹീം, പാലക്കുളങ്ങര, നീലേശ്വരം. | 3000 രൂപ 115443-44/ 24.11.2015 | - | |

ഇവരിൽ നിന്ന് ലൈസൻസ് ഫീ ആയി 1000 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നുണ്ടോ എന്നും, അവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി അടവാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഒരു വ്യക്തിയിൽ നിന്നും തുച്ഛമായ തൊഴിൽ നികുതി മാത്രമേ വാങ്ങുന്നുള്ളൂ.

സ.ഉ. (എം എസ്) നം. 87/2010 തൊഴിൽ 4.8.2010 പ്രകാരം കരിങ്കല്ല് ലോറിയിൽ കയറ്റുന്ന തൊഴിലാളികൾക്ക് പ്രതിദിനം 258 രൂപ വീതവും, പാറ പൊട്ടിക്കാൻ പീസ് റേറ്റായി 6 ദ്വാരങ്ങൾ ഉണ്ടാക്കാൻ 51 രൂപ വീതവും കൂലിയായി നൽകിയിരിക്കണം. കൂടാതെ ഇവർക്ക് ക്ഷാമബത്തയായി 150 പോയിന്റിന് മുകളിൽ ഓരോ പോയിന്റിനും 85 പൈസ നിരക്കിൽ നൽകിയിരിക്കണം. എന്നാൽ ഇത്തരത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയുണ്ടായില്ല.

II. കള്ള് ഷാപ്പ്

ജി ഒ (ആർ ടി ) 586/2010/ തൊഴിൽ 30.3.2010 പ്രകാരം, കള്ളു ഷാപ്പുമായി ബന്ധപ്പെട്ട ഓരോ ഗണത്തിൽ പെട്ട തൊഴിലാളികൾക്കും നൽകേണ്ട മിനിമം കൂലി എത്രയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അതനുസരിച്ചുള്ള കൂലി നൽകുകയായിരുന്നെങ്കിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിലെ കള്ള് ഷാപ്പുകൾ തൊഴിൽനികുതി അടവാക്കിയതായി കാണുന്നില്ല.

III. പെട്രോൾ പമ്പ്

തൊഴിൽനികുതി രജിസ്റ്റർ പരിശോധനയിൽ രണ്ട് പെട്രോൾ പമ്പിന് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ

ഇവിടത്തെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ചുവടെ :-

| സ്ഥാപനത്തിന്റെ പേര് | റിട്ടേൺ പ്രകാരം തൊഴിലാളികളുടെ എണ്ണം | നൽകുന്ന വേതനം | ഈടാക്കിയ തൊഴിൽനികുതി |
|---|---|---|---|
| അത്താണി പെട്രോളിയം, Near ITC; TTI Mukkam | 2- മാനേജർ | കാണിച്ചിട്ടില്ല | 600 രൂപ വീതം |
| | 8- തൊഴിലാളികൾ | ടി | 450 രൂപ വീതം |
| M/s കെ പി ചന്ദ്രപ്പൻ, എച്ച് പി സി ഡീലേഴ്സ് അഗസ്ത്യൻ മുഴി | 1- മാനേജർ | 45000 രൂപ | 300 രൂപ (150 രൂപ കുറവായാണ് ഈടാക്കിയത്) |
| | 4- തൊഴിലാളികൾ | 30000 രൂപ വീതം | 180 രൂപ വീതം (120 രൂപ കുറവായാണ് ഈടാക്കിയത്) |

ജി ഒ (എം എസ്) 72/2011 തൊഴിൽ , തിയ്യതി 22.6.2011 പെട്രോൾ പമ്പിൽ ജോലി ചെയ്യുന്നവർക്ക് താഴെ പറയും പ്രകാരം വേതനം നൽകണം.

| ക്രമ നം | തസ്തിക | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | പ്രതിമാസ ശമ്പളം |
|---|---|---|---|---|
| 1 | മാനേജർ | 4630 | 130പോയിന്റിനു മുകളിൽ വരുന്നഓരോപോയിന്റിനും പ്രതിമാസം 24.90 രൂപ നിരക്കിൽ | 7941.70 |
| 2 | ക്ലാർക്/കാഷ്യർ/ബിൽ കലക്ടർ/ | 4350 | | 7661.70 |
| 3 | ഇന്ധനം നിറച്ചുകൊടുക്കുന്ന ആൾ | 4350 | | 7661.70 |

2015 മാർച്ചിൽ വിലസൂചിക കോഴിക്കോട് ജില്ലയിൽ 266 ആണ്. വർദ്ധനവ് (266-130= 133) 133x24.90= 3311.70. ഇത്തരത്തിൽ അവിടത്തെ തൊഴിലാളികൾക്ക് വേതനം നൽകേണ്ടതും, അവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ അത്തരത്തിൽ ഒരു നടപടി ഇവിടെ സ്വീകരിച്ചിട്ടില്ല.

IV. സിനിമാ തിയറ്ററുകൾ

മുനിസിപ്പാലിറ്റിയിൽ നിലവിൽ 5 തിയറ്ററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മൂന്നെണ്ണം മാത്രമാണ് തൊഴിൽനികുതി റിട്ടേൺ സമർപ്പിച്ചത്. ഇതുപ്രകാരം ഈടാക്കിയ തൊഴിൽനികുതി താഴെ കൊടുക്കുന്നു.

| തിയറ്ററിന്റെ പേര് | ജീവനക്കാരുടെ വിവരം | നൽകുന്ന പ്രതിമാസ വേതനം | ഈടാക്കിയ തൊഴിൽനികുതി |
|---|---|---|---|
| റോസ് സിനി പാലസ് | 2 – പേർ | 6500 രൂപ | 960 രൂപ 100848/31.3.16 |
| | 1 | 4800 രൂപ | |
| | 1 | 3000 രൂപ | |
| അഭിലാഷ് | 1 | 6800 രൂപ | 1260 രൂപ<br>100850/ 31.3.16 |
| | 1 | 6500 രൂപ | |
| | 1 | 5300 രൂപ | |
| | 1 | 4900 രൂപ | |
| | 1 | 3900 രൂപ | |
| ലിറ്റിൽ റോസ് | 1 | 6300 രൂപ | 900 രൂപ 100849/31.3.16 |
| | 1 | 2000 രൂപ | |
| | 1 | 4900 രൂപ | |
| | 1 | 6000 രൂപ | |

ജി ഒ (എം എസ് ) 139/2010 തൊഴിൽ 15.11.2010 പ്രകാരം കേരള സംസ്ഥാനത്തെ സിനിമാ തിയറ്ററിലെ ജീവനക്കാർക്ക് നൽകേണ്ട മിനിമം വേതനം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം മാനേജർ / ചീഫ് ഓപ്പറേറ്റർ എന്നിവർക്ക് പ്രതിമാസം 5220 രൂപയും, ഓപ്പറേറ്റർ, ക്ലാർക് തുടങ്ങിയവർക്ക് 4992 രൂപയും, അസിസ്റ്റന്റ് ഓപ്പറേറ്റർക്ക് 4784 രൂപയും സെക്യൂരിറ്റി ഗാർഡ്/ വാച്ച്മേൻ തുടങ്ങിയവർക്ക് 4628 രൂപയും പ്രതിമാസം നൽകേണ്ടതാണ്. കൂടാതെ 1998-99 വർഷത്തെ അടിസ്ഥാനമാക്കി, ഉപഭോക്തൃസൂചിക 100 പോയിന്റ് കണക്കാക്കി, 130 ന മുകളിൽ വരുന്ന ഓരോ പോയിന്റിനും 24.90 രൂപ ക്ഷാമബത്ത നൽകേണ്ടതുമാണ്. ഇതനുസരിച്ച് ഓരോ വിഭാഗത്തിനും നൽകേണ്ട ക്ഷാമബത്ത ഇതാണ് :-

| ജീവനക്കാർ- വിഭാഗം | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ നൽകേണ്ട പ്രതിമാസ വേതനം |
|---|---|---|---|
| മാനേജർ / ചീഫ് ഓപ്പറേറ്റർ | 5220 | 3386.40 = ( 266-130= 136; 136x 24.90) | 8606.40 രൂപ |
| ഓപ്പറേറ്റർ, ക്ലാർക് | 4992 | | 8378.40 രൂപ |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് ഓപ്പറേറ്റർക്ക് | 4784 | | 8170.40 രൂപ |
| സെക്യൂരിറ്റി ഗാർഡ്/ വാച്ച്മേൻ | 4628 | | 8014.40 രൂപ |

മുകളിൽ പറഞ്ഞ ഒരു വിഭാഗത്തിനും ഇതനുസരിച്ചുള്ള മിനിമം വേതനം നൽകുന്നില്ല.

VII സ്റ്റാർ ഹോട്ടൽ ജീവനക്കാർ

തൊഴിൽനികുതി റിട്ടേൺ പ്രകാരം മുനിസിപ്പാലിറ്റിയിലെ സ്റ്റാർ ഹോട്ടലായ ഹോട്ടൽ ഹിൽസൈഡ്, റസ്റ്റോറന്റ് & ബാർ, ഹോട്ടൽ മലയോരം ഗേറ്റ് വേ ജീവനക്കാർക്ക് നൽകിയ വേതനം താഴെ കൊടുക്കുന്നു :-

| ഹോട്ടൽ ഹിൽസൈഡ്, റസ്റ്റോറന്റ് & ബാർ | | |
|---|---|---|
| ജീവനക്കാരുടെ വിഭാഗം | നൽകിയ പ്രതിമാസ വേതനം | തൊഴിൽനികുതി |
| മാനേജർ | 7500 രൂപ | 3090 രൂപ 6125/2.2.16 |
| സ്റ്റോർകീപ്പർ | 6000 രൂപ | |
| വെയ്റ്റർ | 4000രൂപ | |
| കുക്ക് | 6000 രൂപ | |
| ബാർമേൻ | 5000 രൂപ | |
| അസിസ്റ്റന്റ് | 4500 രൂപ | |
| സ്വീപ്പർ | 4000 രൂപ | |
| ഹോട്ടൽ മലയോരം ഗേറ്റ് വേ | | |
| സ്റ്റോർകീപ്പർ, അക്കൗണ്ട്സ്, കുക്ക്, സർവീസ്, ക്ലീനിംഗ് തുടങ്ങി 8 ജീവനക്കാർ | ഇവർക്കെല്ലാം പ്രതിമാസം 6657 രൂപ നിരക്കിലാണ് വേതനം നൽകിയത്. | 2400 രൂപ 115011-6614 / 18.2.2016 (8x300=2400) |

ജി ഒ (പി) നം. 180/2011 തൊഴിൽ തി. 13.12.2011 പ്രകാരം സ്റ്റാർ ഹോട്ടലിലെ ജീവനക്കാർക്ക് നൽകേണ്ട മിനിമം വേതനം എത്രയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത് താഴെ കൊടുക്കുന്നു

| ജീവനക്കാരുടെ വിഭാഗം | നൽകേണ്ട ശമ്പള സ്കെയിൽ | ക്ഷാമബത്ത | നൽകേണ്ട മിനിമം വേതനം |
|---|---|---|---|
| മാനേജർ | 12600-150-13350-170-14200 | 3386.40 = ( 266-130= 136; 136x 24.90) | 16,586.40 |
| സ്റ്റോർകീപ്പർ | 5260-90-5710-100-6210 | | 9006.40 |
| വെയ്റ്റർ | 4780-85-5205-95-5680 | | 8506.40 |
| കുക്ക് | 6050-95-6525-105-7050 | | 9816.40 |
| ബാർമേൻ | 4780-85-5205-95-5680 | | 8506.40 |
| അസിസ്റ്റന്റ് | 4780-85-5205-95-5680 | | 8506.40 |
| സ്വീപ്പർ | 4340-80-4740-90-5190 | | 8046.40 |

മുകളിൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിലവിൽ കേരളത്തിൽ ബാധകമായ മിനിമം വേതനം നൽകുന്നില്ല. ഇത് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപെടുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.ഇനി ഈ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കുന്നതിൽ കുറവ് വരുത്താൻ സ്വീകരിച്ച നടപടിയാണെങ്കിൽ അനന്തര നടപടികൾ സ്വീകരിച്ച് മുഴുവൻ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

## 2-9 കോമ്പൗണ്ടിംഗ് അപാകത- വിനോദനികുതിയിൽ വൻ കുറവ്

മുനിസിപ്പാലിറ്റിയായതിനു ശേഷം തനതുവരുമാനം ഉയർത്തുന്നതിന്റെ ഭാഗമായി 1.11.15 മുതൽ സീൽ ചെയ്യുന്ന ടിക്കറ്റുകൾക്ക് 20% വിനോദനികുതി ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.മുനിസിപ്പാലിറ്റിക്കു കീഴിൽ നിലവിൽ അഞ്ച് സിനിമാ തിയേറ്ററുകളാണ് ഉള്ളത്. നിവിൽ വിനോദനികുതി കോമ്പൗണ്ട് ചെയ്ത് അടുത്ത മൂന്ന് മാസത്തെ ശരാശരി വിനോദനികുതി മുൻകൂറായി അടവാക്കുന്ന രീതിയാണ് സിനിമാ തിയേറ്ററുകൾ സ്വീകരിക്കുന്നത്. എന്നാൽ മുനിസിപ്പാലിറ്റിയായതിനു ശേഷം സീൽ ചെയ്ത് നൽകിയ ടിക്കറ്റുകളുടെ വിനോദ നികുതിയും തിയേറ്റർ ഉടമകൾ കോംപൗണ്ട് ചെയ്ത് അടവാക്കിയ തുകയും തമ്മിൽ വ്യത്യാസം കാണുന്നു.മുനിസിപ്പാലിറ്റിയായതിനു ശേഷം സീൽ ചെയ്ത് നൽകിയ ടിക്കറ്റുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തിയേറ്ററിന്റെ പേര് | ഷോകളുടെ എണ്ണം | കാലയളവ് | സീൽചെയ്ത ടിക്കറ്റുകളുടെ എണ്ണം | ടിക്കറ്റ് നിരക്ക് |
|---|---|---|---|---|
| അഭിലാഷ് | 4 | 1.11.15 മുതൽ 31.3.16 വരെ | 30000 | 110 |

| | | | | | |
|---|---|---|---|---|---|
| പി സി | 4 | " | 25000 | 80 | |
| അന്നാസ് | 4 | " | 15000 | 110 | |
| റോസ് | 4 | " | 30000 | 110 | |
| ലിറ്റിൽറോസ് | 4 | " | 10000 | 110 | |

മേൽ കാലയളവിൽ മുനിസിപ്പാലിറ്റിയിൽ നിന്നും ആകെ 1,10,000 ടിക്കറ്റുകൾ സീൽ ചെയ്ത് നൽകിയിട്ടുണ്ട്. 2015-16 ൽ വിനോദ നികുതിയിനത്തിൽ ആകെ വരവ് 11,94,050 രൂപമാത്രമാണ് .അതായത് ശരാശരി ഒരു ടിക്കറ്റിൽ നിന്നും 10% ത്തിനടുത്തേ നികുതിയിനത്തിൽ വരവായി ലഭിക്കുന്നുള്ളൂ. ആയതിനാൽ തിയേറ്റർ ഉടമകൾ കോംപൗണ്ടിംഗ് രീതിയിൽ വിനോദനികുതി അടവാക്കുന്നത് മൂലം വരുമാന നഷ്ടം ഉണ്ടാവാതിരിക്കുന്നതിന് പരിശോധനാ രീതി കർശനമാക്കേണ്ടതും സീൽചെയ്തു നൽകുന്ന ടിക്കറ്റുകൾക്കാനു പാതികമായി വിനോദനികുതി ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 2-10 പഴയ കംഫർട്ട് സ്റ്റേഷൻ ലേലം - അപാകതകൾ

നഗരസഭാ ബസ് സ്റ്റാൻഡിലെ പഴയ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് 13.03.15 ന് നടന്ന ലേലത്തിൽ ഉയർന്ന തുകയായ 380000 രൂപക്ക് ശ്രീ.അബ്ദുൾ ബഷീർ, കാരശ്ശേരി എന്നവർക്ക് ലഭിക്കുകയും ഇവർക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തിയ്യതി | വൗച്ചർ നം. | തുക |
|---|---|---|
| 13.3.15 | 115041-323 | 1000 |
| 06.04.15 | 115041-633 | 126000 |
| 26.10.15 | 115041-495 | 5000 |
| ആകെ | | 132000 |

1.) കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റ പണികൾ നടത്തണമെന്നാവശ്യപ്പെട്ട് ലേല ഉടമ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കംഫർട്ട് സ്റ്റേഷൻ അടച്ചിടുകയും പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. അറ്റകുറ്റ പണികൾക്കായി അടച്ചിട്ട കാലത്തെ ഇളവനുവധിക്കണമെന്നാവശ്യപ്പെട്ടുകോണ്ട് ലേല ഉടമ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ പി.ആർ നമ്പർ 72(5)/16, തി. 16.3.16 പ്രകാരം മൊത്തം തുകയിൽ നിന്നും 6 മാസത്തെ ഇളവനുവദിച്ചിട്ടുണ്ട്.കംഫർട്ട് സ്റ്റേഷൻ പ്രവൃത്തികൾ സംബന്ധിച്ചും പൂർത്തീകരണത്തിനെടുത്ത കാലാവധിസംബന്ധിച്ചും അസി.എഞ്ചിനീയറിൽ നിന്നും പ്രവർത്തി പൂർത്തീകരണം സംബന്ധിച്ച രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2.)ലേല സമയത്ത് മുദ്രപത്രം വാങ്ങിവച്ചതല്ലാതെ ലേലഉടമയുമായി കരാറിലേർപ്പെട്ടിട്ടില്ല. മാത്രമല്ല ലേല നിബന്ധനകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ് തുകയായ 248000 രൂപ ഈടാക്കുന്നതിന് ലേലഉടമക്ക് നോട്ടീസ് നൽകിയിട്ടില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദമായ മറുപടി സമർപ്പിക്കേണ്ടതും നഗരസഭക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിനായി നഗരസഭ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 248000/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടാറിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു.

ഓഡിറ്റ് വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് ബാധകമാക്കിയത്.ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിനേക്കാൾ കുറവായതിനാൽ പ്രവൃത്തികൾക്ക് അധികനിരക്ക് അനുവ ദിച്ചതായി കാണുന്നു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

DSRകോഡ് 16.30.1പ്രകാരം റോഡിന്റെ ഉപരിതലത്തിൽ VG-10ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. കൂടാതെ DSRകോഡ് 16.30.1ൽ VG-10 ബിറ്റുമിന് പകരംVG-30ബിറ്റുമിൻ ഉപയോഗിച്ച് ഒബ്സർവ്ഡ് ഡാറ്റയിലും നിരക്ക് തയ്യാറാക്കിയിട്ടുണ്ട്.മാർക്കറ്റ്നിരക്കിലും ഉയർന്ന നിരക്കിൽ ബിറ്റുമിൻവില കണക്കാക്കിയത് കൂടാതെ കോസ്റ്റ്

ഇൻഡക്സും (cost index=1.381)കൂട്ടിയതായി കാണുന്നു. മാർക്കറ്റിൽ നിലവിലുള്ള വിലയും ഷെഡ്യൂൾ നിരക്കും തമ്മിലുള്ള അന്തരം നികത്താനാണ് കോസ്റ്റ് ഇൻഡക്സ് കൂട്ടുന്നത്.ഇവിടെ മാർക്കറ്റ് നിരക്കിലും ഉയർന്ന നിരക്കാണ് ഡിഎസ്ആർ നിരക്കെന്നതിനാൽ കോസ്റ്റ് ഇൻഡക്സും കൂട്ടുക വഴി കൺവീനർക്ക് അധികതുക നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| VG-30/VG-10ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .075 | 41000/ 50600 | 3075/ 3795 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 7.99 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.150 | 400 | 60 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .015 | 121.70 | 1.83 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 |
| ചാക്കുകൾ | | 7.800 | 1.78 | 13.88 |
| കോൾടാർ സ്പ്രേയർ വാടക | പ്രതിദിനം | .030 | 300 | 9 |
| പലവക | LS | 9.1 | 1.78 | 16.2 |
| മേറ്റ് | തൊഴിൽദിനം | .060 | 363 | 21.78 |
| ബെൽഡാർ(beldar)ബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.460 | 329 | 480.34 |
| ബെൽഡാർ(beldar)ടാക്ക് കോട്ട് ചെയ്യുന്നതിന് | -ടി- | .190 | 329 | 62.51 |
| ബെൽഡാർ(beldar) | -ടി- | .470 | 329 | 154.63 |
| | | | ആകെ | 3906.32/4626.32 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 39.06/ 46.26 |
| | | | ആകെ | 3945.38/4672.58 |
| (+)കരാറ്കാരന്റെ ലാഭം10%, ഓവർഹെഡ് ചാർജ്ജ്(5%) | | | | 591.81/ 700.89 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 4537.19/5373.47 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 45.37/ 53.73 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 62.66/ 74.20 |

കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കി ടാക്ക് കോട്ടിന് നൽകേണ്ട തുക VG-30/VG-10 ബിറ്റുമിന് 39.45/46.73രൂപയാണ്.

DSRകോഡ് 16.32.2പ്രകാരം റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്ന പ്രവൃത്തിക്കും കോസ്റ്റ് ഇൻഡക്സ് കൂട്ടിയത് കാരണം അധികതുക നൽകിയിട്ടുണ്ട്.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| VG-30/VG-10ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .144 | 41000/ 50600 | 5904/ 7286.4 |

| | | | | |
|---|---|---|---|---|
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 15.23 |
| സ്റ്റോൺ സ്ക്രീനിംഗ്സ്12.5/13.2mm | ഘനമീറ്റർ | 1.800 | 1250 | 2250 |
| സ്റ്റോൺ സ്ക്രീനിംഗ്സ്10/11.2mm | -ടി- | .900 | 1250 | 1125 |
| -ടി- കടത്ത്കൂലി | -ടി- | 2.700 | 106.49 | 287.52 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.288 | 400 | 115.2 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .029 | 121.70 | 3.50 |
| വൈർ ബ്രഷ് | ഒന്ന് | .110 | 20 | 2.2 |
| സോഫ്റ്റ് ബ്രഷ് | -ടി- | .320 | 18 | 5.76 |
| ചാക്കുകൾ,ചൂലുകൾ | LS | 6.760 | 1.78 | 12.03 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .130 | 830 | 107.9 |
| പലവക | LS | 9.490 | 1.78 | 16.89 |
| മേറ്റ് | തൊഴിൽദിനം | .080 | 363 | 29.04 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 |
| ബെൽഡാർ(beldar) | -ടി- | .570 | 329 | 187.53 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 |
| ബെൽഡാർ(beldar) | -ടി- | 5 | 329 | 1645 |
| മിസ്ത്രി | -ടി- | .190 | 435 | 82.65 |
| ചൗക്കിദാർ | | .270 | 329 | 88.83 |
| ഭിഷ്ടി | | .110 | 363 | 39.93 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .110 | 1500 | 165 |
| ഡീസൽ ഓയിൽ | ലിറ്റർ | 2 | 55.49 | 110.98 |
| കടത്ത് കൂലി | LS | 2.730 | 1.78 | 4.86 |
| ബിറ്റ്മിൻ മിക്സർ | പ്രതിദിനം | .040 | 4000 | 160 |
| | | | ആകെ | 13280.35/14662.75 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 132.80/ 146.63 |
| | | | | 13413.15/14809.38 |
| (+)കരാറ്കാരന്റെ ലാഭം(10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 2011.97/ 2221.41 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 15425.12/17030.79 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 154.25/ 170.31 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 213.02/ 235.2 |

മേൽപറഞ്ഞ ചിപ്പിംഗ് കാർപ്പറ്റ് പ്രവൃത്തി ഗുണഭോക്തൃകമ്മറ്റിയാണ് ചെയ്യുന്നതെങ്കിൽ 134.13/148.09രൂപയുമാണ് നൽകേണ്ടത്.

DSRകോഡ് 16.41പ്രകാരം ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് ചെയ്യുന്ന പ്രവൃത്തിക്കും കോസ്റ്റ് ഇൻഡക്സ് കൂട്ടി താഴെ ചേർത്ത പ്രകാരം അധികതുക നൽകിയിട്ടുണ്ട്.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| VG-30/VG-10ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .098 | 41000/ 50600 | 4018/ 4958.8 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 10.44 |
| സ്റ്റോൺ എഗ്രഗേറ്റ് .06mm | ഘനമീറ്റർ | .900 | 1140 | 1026 |
| -ടി- കടത്ത്കൂലി | -ടി- | .900 | 106.49 | 95.84 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 1.960 | 400 | 784 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .196 | 121.70 | 23.85 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .060 | 830 | 49.8 |
| പലവക | LS | 18.20 | 1.78 | 32.40 |
| മേറ്റ് | തൊഴിൽദിനം | .110 | 363 | 39.93 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 |
| ബെൽഡാർ(beldar) | -ടി- | .690 | 329 | 227.01 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 |
| ബെൽഡാർ(beldar) | -ടി- | .510 | 329 | 167.79 |
| മേറ്റ് | തൊഴിൽദിനം | .050 | 363 | 18.15 |
| മിസ്ത്രി | -ടി- | .040 | 435 | 17.40 |
| കോൾടാർസ്പ്രേയർവാടക | | .060 | 300 | 18 |
| ചൗക്കിദാർ | | .150 | 329 | 49.35 |
| ഭിഷ്തി | | .060 | 363 | 21.78 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .060 | 1500 | 90 |
| ഡീസൽ ഓയിൽ | ലിറ്റർ | 1.080 | 55.49 | 59.93 |
| ചാക്കുകൾ,ചൂലുകൾ | LS | 2.730 | 1.78 | 4.86 |
| ബിറ്റ്മിൻ സ്പ്രേയർ | പ്രതിദിനം | .060 | 363 | 21.78 |
| | | | ആകെ | 7700.67/ 8641.47 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 77/ |

| | | | | |
|---|---|---|---|---|
| | | | | 86.41 |
| | | | | 7777.67/ 8727.88 |
| (+)കരാറ്കാരന്റെ ലാഭം+ ഓവർഹെഡ് ചാർജ്ജ്(15%) | | | | 1166.65/ 1309.18 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 8944.32/ 10037.06 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 89.44/ 100.37 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 123.52/ 138.61 |

മേൽപറഞ്ഞ സീൽകോട്ട് ചെയ്യുന്ന പ്രവൃത്തി ഗുണഭോക്തൃകമ്മറ്റിയാണ് ചെയ്യുന്നതെങ്കിൽ 77.78/87.28രൂപയാണ് നൽകേണ്ടത്.

DSRകോഡ് 16.30.2പ്രകാരം ബിറ്റുമിൻ ചെയ്ത റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്.

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .05 | 41000 | 2050 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 5.32 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.150 | 400 | 60 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .015 | 121.70 | 1.83 |
| വയർ ബ്രഷ് | ഒന്ന് | .050 | 20 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 |
| ചാക്കുകൾ | | 7.800 | 1.78 | 13.88 |
| കോൾടാർ സ്പ്രേയർ വാടക | പ്രതിദിനം | .030 | 300 | 9 |
| പലവക | LS | 9.1 | 1.78 | 16.2 |
| മേറ്റ് | തൊഴിൽദിനം | .060 | 363 | 21.78 |
| ബെൽഡാർ(beldar)ബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.460 | 329 | 480.34 |
| ബെൽഡാർ(beldar)ടാക്ക് കോട്ട് ചെയ്യുന്നതിന് | -ടി- | .190 | 329 | 62.51 |
| ബെൽഡാർ(beldar) | -ടി- | .470 | 329 | 154.63 |
| | | | ആകെ | 2878.65 |
| (+)വാട്ടർ ചാർജ്ജ്(1%) | | | | 28.78 |
| | | | | 2907.43 |
| (+)കരാറ്കാരന്റെ ലാഭം(10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 436.11 |

| | | | | |
|---|---|---|---|---|
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 3343.54 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 33.43 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 46.16 |

മേൽപറഞ്ഞ പ്രവൃത്തി ചെയ്ത ഗുണഭോക്തൃകമ്മറ്റിക്ക് 29.07രൂപയാണ് നൽകേണ്ടത്.
അധികതുക നൽകിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ബിറ്റുമിൻ വിനിയോഗിച്ച് ചെയ്ത ഇനവും ഡിഎസ്ആർ പ്രകാരം നൽകിയ തുകയും | നൽകേണ്ട നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|
| 1 | പന്നിക്കോട്ടു തൊടിക തച്ചംപറ്റ റോഡ് ടാറിംഗ് 107/16 എംബുക്ക് 356/14-15<br>ചെലവ് 410371/- ചെക്ക് നം. 2430010/28.3.16 എഗ്രീമെന്റ് നം. 49/15-16/4.8.15<br>കൺവീനർ: തച്ചംപറ്റ മുഹമ്മദ് കുട്ടി<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ്എഞ്ചിനിയർ:മുഹമ്മദ് അഷ്റഫ്.എ<br>സാങ്കേതികാനുമതി AEE/ KBP/314 /15-16 4.8.15<br>തുക: 474000 തനത് ഫണ്ട് | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-449.33 m2. m2 ന് 54.49 രൂപ നിരക്കിൽ 24479.50രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-449.33 m2 . m2 ന് 185.23രൂപ നിരക്കിൽ 83229.40രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്- 449.33 ചതുരശ്രമീറ്റർ.ചതുരശ്രമീ റ്ററിന് 107.45 രൂപ നിര ക്കിൽ 48262.54രൂപ<br>ആകെ= 155971.44രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്- 449.33 m2 .m2 ന് 39.45 രൂപ നിരക്കിൽ 17726.07രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്- 449.33 m2. m2 ന് 134.13രൂപ നിരക്കിൽ 60268.63രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്- 449.33 m2. m2 ന് 77.78 രൂപ നിര ക്കിൽ 334948.89 രൂപ<br>ആകെ=112943.59രൂ | 155971.44-112943.59= 43027.85 |
| 2 | കളരിക്കണ്ടി ലെറ്റിലാമ്പുറം റോഡ് 166/16 എംബുക്ക് 01/15-16 ചെലവ് 126000 ബിൽനം 86/30.3.16 148335 ചെക്ക് നം 2430010/28.3.16 എഗ്രീമെന്റ് നം. 116/15-16 4.2.16 കൺവീനർ: വിനോദ് കുമാർ എൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ്എഞ്ചിനിയർ:സീന അലക്സ്.ഇ<br>സാങ്കേതികാനുമതി AEE/KBP /961/15-16 30.1.16തുക: 276000 150000 own fund , 126000 MG | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-390 m2. ചതുരശ്രമീ റ്ററിന് 54.49 രൂപ നിരക്കിൽ 21247.20രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-390 m2. ചതുരശ്രമീറ്ററിന് 185.23രൂപ നിരക്കിൽ 72239.70രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്- 390 m2 . m2ന് 107.45 രൂപ നിര ക്കിൽ 41889.90രൂപ<br>ആകെ= 135376.80 രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്- 390 m2. M2ന് 39.45രൂപ നിരക്കിൽ 15385.50<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-390 m2. m2ന് 134.13രൂപ നിരക്കി ൽ 52310.70രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്- 390 | 135376.80- 98030.40= 37346.40രൂപ |

| | | | | |
|---|---|---|---|---|
| | road | | m2. m2ന് 77.78 രൂപ നിര ക്കിൽ 30334.20രൂപ<br>ആകെ= 98030.4രൂപ | |
മരുന്നുകൾ ലഭിയ്ക്കുന്നതിന് കാല താമസം ഉണ്ടാകുന്നതിനും മുഴുവൻ മരുന്നുകൾ ലഭിയ്ക്കാത്തതിനും വിശദീകരണംലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. 15678 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

## 3-7 കാലിത്തീറ്റ സബ്സിഡി വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല.

പ്രോജക്ട് - എസ്.ഒ 132/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ

അടങ്കൽ - 300000

ചെലവ് - 299811/- Bill No. 1/15-16/31.3.16

നഗര സഭയിലെ ക്ഷീരകർഷകർക്ക് അളക്കുന്ന പാലളവിനനുസരിച്ച് കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 299811 രൂപ മുക്കം, മണാശ്ശേരി , മുത്തേരി, തോട്ടത്തിൻ കടവ്, ചേന്നമംഗല്ലൂർ എന്നീ ക്ഷീര സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ സംഘങ്ങൾ ക്ഷീരകർഷകർക്ക് അളക്കുന്ന പാലിനനുസരിച്ച് കാലിത്തീറ്റ സബ്സിഡി നൽകിയതിന് അവർ കാലിത്തീറ്റ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല. അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. .ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

## 3-8 കരാറിൽ നിന്ന് പിൻമാറിയവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സെക്രട്ടറി നൽകിയ പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിൽ നാല് സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ഇതിൽ എറ്റവും കുറഞ്ഞ തുകയായ 3.25(കിലോ) രേഖപ്പെടുത്തിയ ഒലീന മഹിളാ സമാജത്തിന്റെ ക്വട്ടേഷൻ ഭരണസമിതി അംഗീകരിക്കുകയും ചെയ്തു. രണ്ട് മാസം കഴിഞ്ഞിട്ടും പ്രവർത്തനങ്ങൾ എറ്റെടുക്കാതിരുന്നതിനാൽ രണ്ടാമത്തെ ചെറിയ തുകയായ 4.80 രേഖപ്പെടുത്തിയ നെയ്ച്ചർ ഗാർഡ് പാലാഴി എന്ന സ്ഥാപനവുമായി വീണ്ടും കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ നിബന്ധനകൾക്ക് വിരുദ്ധമായി കരാറിൽ നിന്ന് പിൻമാറിയ ഒലീന മഹിളാ സമാജത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിനു പകരം മേൽ സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിച്ച് സെക്യൂരിറ്റി ഡിപ്പോസിറ്റ് തുകയായ 5000 രൂപ തിരിച്ചു നൽകുകയാണ് ചെയ്തത്.ചട്ടവിരുദ്ധമായി സെക്യൂരിറ്റി തുക തിരിച്ചു നൽകിയത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 കാലഹരണപ്പെട്ട മരുന്നുകൾ സൂക്ഷിക്കുന്നു

ഹോമിയോ മെഡിക്കൽ ഓഫീസറുടെ "ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ " എന്ന പദ്ധതി പരിശോധിക്കുന്നതിന്റെ ഭാഗമായി മരുന്നുകളുടെ സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചപ്പോൾ tincture (Q), potency 30th, 200th ഇനത്തിൽപ്പെട്ട 260കാലഹരണപ്പെട്ട മരുന്നുകൾ സ്റ്റോക്കിൽ ഉള്ളതായി കാണുന്നു.2004, 2005, 2006,2007,2008 തുടങ്ങിയ വർഷങ്ങളിൽ നിർമ്മിച്ചിട്ടുള്ള ഈ മരുന്നുകൾ 2009,2010 ,2011,2012,2013 വർഷങ്ങളിൽ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്..

tincture (Q) ഇനത്തിൽപ്പെട്ട 19തരം മരുന്നുകളും potency 30th ഇനത്തിൽപ്പെട്ട 69 തരം മരുന്നുകളും potency 200th ഇനത്തിൽപ്പെട്ട 165 മരുന്നുകളും 3Xഇനത്തിൽപ്പെട്ട 7 തരം മരുന്നുകളും കാലാവധി കഴിഞ്ഞവ സ്റ്റോക്കിൽ ഉണ്ട്.

ആവശ്യത്തിൽ അധികം മരുന്നുകൾ വാങ്ങുന്നതിനും, കാലഹരണപ്പെട്ട മരുന്നുകൾ ഉപയോഗിക്കുന്നതിനും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(20/15-16)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകത ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് പരിചരണ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം- എസ്.ഒ.181 / 2015-16

ചെലവ് 2,45,375

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

കിടപ്പിലായ രോഗികൾക്ക് സാന്ത്വനപരിചരണവും ചികിത്സയും നല്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ചെലവുകൾ അക്കൗണ്ട് വഴി നടത്തുന്നില്ല

പാലിയേറ്റീവ് കെയർ മാർഗരേഖ പ്രകാരം പ്രൊജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും ( ഗൃഹ സന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണം ഒഴികെ )തുക നൽകേണ്ട വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ അക്കൗണ്ടിലേക്ക് നൽകുകയാണ് വേണ്ടത് യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡി.ഡി യായോ തുക ചെലവഴിക്കാൻ പാടില്ല എന്ന നിബന്ധന പാലിച്ചിട്ടില്ല. ഇവിടെ നൽകാനുള്ള തുക ട്രഷറിയിൽ നിന്ന് ഡി,ഡി നൽകുകയാണ് ചെയ്യുന്നത്.

2)പാലിയേറ്റീവ് നഴ്സിസിന് പ്രതിഫലം നല്കിയതിലെ അപാകത

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ബിൽ നം 6/2015-16 / 17-03-16 പ്രകാരം പിൻവലിച്ച 27170 രൂപയിൽ 16000 രൂപ നഴ്സ് ശ്രീമതി. റസീന യ്ക്ക് നൽകുന്നതിനാ

ണ് . എന്നാൽ അക്വിറ്റൻസ് റജിസ്റ്റർ പ്രകാരം 10000 രൂപ മാത്രമാണ് ടിയാരി കൈപ്പറ്റിയിട്ടുള്ളൂ.

3) മതിയായ രേഖകൾ ഇല്ലാതെ ചെലവുകൾ നടത്തുന്നു

ഗൃഹ സന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണചെലവിനായി പണം ചെലഴിക്കുന്നുണ്ട്. ഇത് പ്രസ്തുത ആവശ്യത്തിന് തന്നെയാണ് വിനിയോഗിക്കുന്നത് എന്നതിന് ബില്ലുകളൊന്നും സൂക്ഷിച്ചിട്ടില്ല. ഓഫീസിൽ നിന്ന് എഴുതി തയ്യാറാക്കുന്ന രശീതി മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(14/15-16)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകത ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സാമാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നമ്പർ : 388/16

അടങ്കൽ : 866000 (റോഡിതര സംരക്ഷണ ഗ്രാന്റ്)

ചെലവ് തുക : 747750

സമഗ്ര വിദ്യാഭ്യാസ പദ്ധതിതയിൽ ഉൾപ്പെടുത്തി 1,34,920 രൂപ ചെലവഴിച്ച് (ബിൽ നമ്പർ- 2/15-16,30-09-15)താഴെക്കോട് ജി.യു.പി സ്കൂളിൽ സ്മാർട്ട് ക്ലാസ് സ്ഥാപിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് . സർക്കാർ ഏജൻസിയായ കെൽട്രോണിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോർ പർച്ചേസ് ചട്ടം പാലിച്ചില്ല.

കേരള സ്റ്റോർ പർച്ചേസ് മാനവൽ ഖണ്ഡിക 9-24 പ്രകാരം ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെ ഉത്പ്പാദിപ്പിച്ചതാണെന്ന് പർച്ചേസിങ്ങ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.ഈ പദ്ധതിയിൽ LCD Projector, printer, map type screen തുടങ്ങിയ മറ്റ് കമ്പനികൾ നിർമിച്ച ഉപകരണങ്ങൾ ടെണ്ടർ നടപടികളില്ലാതെയാണ് കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുള്ളത്.

2) കമ്പ്യൂട്ടറിന് വില നൽകിയതിലെ അപാകത

ജി.ഒ (പി)01/2006/എസ്.പി.ഡി/02-02-2006 നമ്പർ ഉത്തരവ് പ്രകാരംതദ്ദേശ ഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികളില്ലാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ /അസംബിൾ ചെയ്യാത്തവ വാങ്ങുമ്പോൾ ഓർഡർ തുകയുടെ പകുതി മാത്രമേ നൽകാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50%ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം. കൂടാതെ സ്റ്റോർ പർച്ചേസ് നിയമപ്രകാരം സാധനവിലയുടെ കമ്പോളവിലയുമായുള്ള യുക്തിഭദ്രത പർച്ചേസിങ്ങ് ഓഫീസർ പരിശോധിച്ചിട്ടില്ല. സർക്കാർ ഉത്തരവിനനുസരിച്ചല്ലാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/15-16) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അതിനാൽ ചെലവുതുക തടസ്സം ചെയ്യുന്നു

## 3-12 <u>നടപ്പാക്കാനാവുന്നതിൽ കൂടുതൽ പ്രോജക്റ്റ് ഏറ്റെടുത്ത് പദ്ധതിപ്പണം പാഴാക്കുന്നു. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല.</u>

ഓഡിറ്റ് വർഷം ആകെ അംഗീകാരം കിട്ടിയ 383 പദ്ധതികളിൽ 314 പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയറാണ്. ആയതിൽ 200 എണ്ണം മാത്രമാണ് നടപ്പാക്കാനായത്. (82%) ആകെ 70978756 രൂപ വകയിരുത്തിയതിൽ 36297632 രൂപ മാത്രമേ ചെലവഴിക്കാനായുള്ളൂ. (51%) ആയതു കൊണ്ടു തന്നെ പണം മറ്റു പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, പ്രവൃത്തിയുടെ അളവെടുക്കുന്നതിനും പ്രവൃത്തിയുടെ പൂർത്തീകരണം പരിശോധിക്കുന്നതിനും ഏറ്റവും കുറഞ്ഞത് ഒരു പ്രവൃത്തിക്ക് 2ദിവസം കണക്കാക്കിയാൽ 314പ്രവൃത്തികളെ നിരീക്ഷിക്കുന്നതിന് 628 ദിവസം വേണം. സാധാരണ ഗതിയിൽ പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ വൈകുന്നത് കാരണം ഒരു വർഷം മുഴുവൻ ലഭിക്കാറില്ല.കുറഞ്ഞത് 628 ദിവസം ആവശ്യമുള്ളപ്പോൾ 365 ദിവസം പോലും ലഭിക്കാത്തത് പ്രവൃത്തിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുന്നു എന്നുള്ളത് വ്യക്തമാണ്. പദ്ധതി നടത്തിപ്പ് സമയത്ത് ഒരു അസി.എഞ്ചിനീയറും രണ്ട് താൽക്കാലിക ഓവർസിയർമാരും ഒരു ക്ലാർക്കും മാത്രമാണുണ്ടായിരുന്നത്. കെട്ടിട പെർമിറ്റ് പരിശോധനാ ചുമതലയുള്ളതിനാൽ ഓവർസിയർമാരുടെ സേവനം പൂർണ്ണമായി പദ്ധതി നടത്തിപ്പിന് ലഭ്യമായിരുന്നില്ല. ഈ വസ്തുതകൾ നിർവ്വഹണഉദ്യോഗസ്ഥൻ രേഖാമൂലം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല. ഇത്രയുമധികം പ്രവൃത്തികളുടെ നിർവ്വഹണം ദുസ്സാധ്യമായിരിക്കെ ഇത് ഏറ്റെടുത്ത് നടത്താൻ നിർവ്വഹണഉദ്യോഗസ്ഥൻ എന്ത് കൊണ്ട് തയ്യാറായി എന്ന് വ്യക്തമല്ല. പല പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് പുതുക്കാനുള്ള കാരണം സ്ഥലപരിശോധന നടത്താതെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കലാണെന്ന് വ്യക്തമാണ്.

റോഡ് പ്രവൃത്തികളാണ് അസിസ്റ്റന്റ് എഞ്ചിനിയർ ഏറ്റവും കൂടുതൽ നിർവ്വഹിച്ചിട്ടുള്ളത്. റോഡ് പ്രവൃത്തികളുടെ എണ്ണം കൂടാനുള്ള പ്രധാന കാരണം വാർഡ് തിരിച്ച് പദ്ധതികൾ തയ്യാറാക്കുന്നത് കൊണ്ടാണ്. ഓരോ റോഡിന്റേയും നിർമ്മാണമോ അറ്റകുറ്റപണിയോ അതിന്റെ പൂർണ്ണതയിൽ ചെയ്യാതെ ഭാഗികമായി ചെയ്യുന്നതും വാർഡ് തിരിച്ചുള്ള പദ്ധതി രൂപീകരണം കാരണമാണ്. ഇത് കാരണം രണ്ടോ മൂന്നോ വാർഡുകളിലൂടെ പോകുന്ന ഒരു റോഡിന്റെ പ്രവൃത്തി 3ഉം 4ഉമായി വിഭജിക്കപ്പെടുകയും അനാവശ്യമായ അധികച്ചെലവും സമയനഷ്ടവുമുണ്ടാവുകയും ചെയ്തു. നഗരസഭയെ ഒരു യൂണിറ്റായി കണ്ട് എല്ലാ റോഡുകളും അറ്റകുറ്റപണി ചെയ്യാനും പുതിയവ നിർമ്മിക്കാനും ഒരു അഞ്ച് വർഷ പ്ലാൻ തയ്യാറാക്കിയുള്ള ആസൂത്രണമാണ് എല്ലാ വർഷവും പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നത്. സർക്കാർ മാർഗ്ഗരേഖയിലുള്ള ഇത്തരം നിർദ്ദേശങ്ങൾ നിരന്തരം ലംഘിക്കുന്നതിനുള്ള കാരണം വ്യക്തമല്ല. ഇത്തരമൊരാസൂത്രണത്തിന്റെ പ്രായോഗികതയും ഔചിത്യവും അധികൃതരെ ബോധ്യപ്പെടുത്തേണ്ട നിർവ്വഹണ ഉദ്യോഗസ്ഥൻ അത് ചെയ്തതായി സ്റ്റാന്റിംഗ് കമ്മറ്റി , ഭരണസമിതി മിനുട്സ് എന്നിവയിലൊന്നും രേഖയില്ല.

ആയതിന്റെ അഭാവം മൂലം നഗരസഭയുടെ വികസനത്തിനായി മറ്റു പദ്ധതികൾക്കായി ചെലവഴിക്കാമായിരുന്ന വലിയ തുക ചെലവഴിക്കാനാകാതെ അക്കൗണ്ടിൽ കിടക്കുന്ന അവസ്ഥയുണ്ടായി.

എല്ലാ പ്രവൃത്തികളും ഗുണഭോക്തൃ കമ്മറ്റികളാണ് ഏറ്റെടുത്ത് നടത്തിയത്. ടാറിംഗ് പ്രവൃത്തികളിലൊന്നും തന്നെ ടാർ ബില്ല് ഹാജരാക്കുകയോ വരവു ചെലവു കണക്കുകളിൽ ആയതിന്റെ തുക ഉൾപ്പെടുത്തുകയോ ചെയതിട്ടില്ല. ഒരു കൺവീനറും പ്രവൃത്തിക്കായി മുൻകൂർ കൈപ്പറ്റിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-13 സബ്സിഡി മാനദണ്ഡം പാലിക്കാതെ ധാതു ലവണങ്ങളും വിരമരുന്നും വിതരണം ചെയ്യുന്നു.

പ്രോജക്ട് - എസ്.ഒ 156/16

വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങല്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

അടങ്കൽ - 150000 റോഡിതര സംരക്ഷണ ഗ്രാന്റ്

ചെലവ് - 150000 Bill No. 1/15-16/16.3.16

മൃഗാശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ച് കുറവ് ക്വാട്ട് ചെയ്ത ഡൈനാവെറ്റ് എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഡൈനാവെറ്റിന്റെ ബിൽനമ്പർ (12766/28.10.15) പരിശോധിച്ചതിൽ താഴെ പറയുന്ന വിര മരുന്നുകളും ധാതു ലവണ മിശ്രിതവും വാങ്ങിയിട്ടുണ്ട് .ആയവ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്യുന്നുണ്ട്.

| മരുന്നിന്റെ പേര് | അളവ്,വില | തുക |
|---|---|---|
| Teworm syrp(വിരമരുന്ന്) | 300 X 16.82 | 5046 |
| Avalben 3gm bolus | 200 X 29.52 | 5904 |
| Minfa gold | 100 X 196 | 19600 |
| Avocloz-l 6 gm bolus | 80 X 50.61 | 4049 |
| Neozide bolus | 100 x 43.75 | 4375 |

16.11.2013 ലെ (എം.എസ്) 362/13/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ അനുബന്ധം 16 ഖ.3.2 ലെ ക്രമ നം. 11 പ്രകാരം വിര മരുന്നുകളും ധാതു ലവണ മിശ്രിതവും ചെറുകിട -നാമ മാത്ര കർഷകർക്കും തദ്ദേശ സ്ഥാപനത്തിന്റെ സാമ്പത്തിക സഹായത്തോടെ കാലികളെ വളർത്തുന്ന വ്യക്തിഗത സംരംഭകർക്കും മാത്രം 50% സബ്സിഡിയിൽ ആണ് നല്കേണ്ടത് എന്നു പറയുന്നു. ആയതു തന്നെ പ്രതി വർഷം ഒരു ഉരുവിന് 750 രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണ്. ആയതിനു വിരുദ്ധമായി മൃഗാശുപത്രിയിലേക്ക് നേരിട്ടു വാങ്ങി ഗുണഭോക്താക്കൾക്ക് സൗജന്യമായി വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(21/15-16)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 3-14 നഗരസഭയിലെ ഐ കെ എം സോഫ്റ്റ്വെയറുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

പ്രൊജക്ട്- ഐ കെ എം ന് അടവാക്കേണ്ട വിഹിതം

നം- 452/16

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ- 70888 രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ചെലവ്- 70888 രൂപ (ബിൽ നം. 470/00301196 തി. 30.3.2016)

സ. ഉ (സാധാ) 1228/2016 തസ്വഭവ. തി. 8.3.2016 പ്രകാരം പ്ലാൻ ഫണ്ട് വിഹിതത്തിന്റെ 0.25% ഐ കെ എം ന് അവരുടെ വിഹിതമായി അടവാക്കേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് മേൽ ബിൽ പ്രകാരം തുക ഐ കെ എം ന് നൽകിയിട്ടുണ്ട്.

സർക്കാരിന്റെ 29.05.2009 ലെ ജി ഒ (ആർ ടി) നം 1265/09/ LSGD ഉത്തരവ് അനുസരിച്ച് 20,000 രൂപ വീതം അടവാക്കണം. ഇതു പ്രകാരം എല്ലാ വർഷവും ഐ കെ എം ന് പണം നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ ഐ കെ എം സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | സോഫ്റ്റ് വെയർ ഇനം | ഇപ്പോഴത്തെ പ്രവർത്തനം |
|---|---|---|

| | | |
|---|---|---|
| 1 | സേവന സിവിൽ രജിസ്ട്രേഷൻ | പ്രവർത്തിക്കുന്നു |
| 2 | സേവന പെൻഷൻ | പ്രവർത്തിക്കുന്നു |
| 3 | സാംഖ്യ | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 4 | സൂചിക-ഫ്രണ്ട് ഓഫീസ് | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 5 | സുലേഖ- പ്ലാൻ | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 6 | സചിത്ര- ആസ്തി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല |
| 7 | സ്ഥാപന- ശമ്പളം | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 8 | സഞ്ചയ- വസ്തുനികുതി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി അടവ് ഓൺലൈൻ അടക്കാൻ കഴിയില്ല. |

മുകളിൽ പറഞ്ഞ സോഫ്റ്റ്വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല. അതേ പോലെ, ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് വിവരങ്ങൾ ഒന്നും കാലികമല്ല. വെബ്സൈറ്റിൽ വിവരങ്ങൾ ലഭിക്കാതിരിക്കുകയോ ലഭിക്കുന്ന വിവരങ്ങൾ കാലികമായതോ അല്ല.

സാംഖ്യ സോഫ്റ്റ് വെയറിൽ ഉള്ള അപാകതകൾ കാരണം പദ്ധതിചെലവിൽ ചിലപ്പോൾ വ്യത്യാസം വരുന്നുണ്ട്. സുലേഖയുമായി ഓട്ടോമാറ്റിക് ആയല്ല സാംഖ്യ പ്രവർത്തിക്കുന്നത്. സാംഖ്യയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രവൃത്തിയിൽ നിന്നും ഈടാക്കുന്ന വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുന്നില്ല.

സ്ഥാപന സോഫ്റ്റ്വെയർ - ശമ്പളത്തിൽ നിന്നും റിക്കവറി കാലാവധി കഴിഞ്ഞാലും റിക്കവറി നിർത്താതെ തുടർന്നു കൊണ്ടേയിരിക്കും. റിക്കവറി മാന്വൽ ആയി റിമൂവ് ചെയ്താലെ അവസാനിക്കുന്നുള്ളു. ഇതിനാൽ ഇത്തരം കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തിയില്ലെങ്കിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി തുടർന്നു കൊണ്ടേയിരിക്കും. സർക്കാരിന്റെ ഉത്തരവുകൾ മാന്വൽ ആയി ചെയ്യണം. സോഫ്റ്റ്വെയർ വെബ് അധിഷ്ഠിതമല്ല.

സചിത്ര സോഫ്റ്റ്വെയറിൽ ആസ്തി വിവരങ്ങൾ എഡിറ്റ് ചെയ്യേണ്ടി വരുമ്പോൾ സർച്ച് ചെയ്തെടുക്കാൻ ബുദ്ധിമുട്ടാണ്.

സഞ്ചയയിൽ ഓൺലൈൻ ആയി നികുതി അടവാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മുൻവർഷം അടവാക്കിയ തുകയിൽ കുറവ് വരുത്താതെ ചിലപ്പോൾ വീണ്ടും ഡിമാന്റിൽ ഈ തുക വരുന്നു. കൂടാതെ, ഡിമാന്റ് ചെയ്യപ്പെടുന്ന തുകയ്ക്ക് കൃത്യത ചില സമയങ്ങളിൽ ഉണ്ടാകുന്നില്ല. പോസ്റ്റിംഗ് നടത്തിയ കെട്ടിടങ്ങൾക്ക് വീണ്ടും ഡിമാന്റ് ചെയ്യാനുണ്ടെന്ന് കാണിക്കുന്നു.

ഡി പി സി അംഗീകാരം നൽകിയ പ്രൊജക്ട് നമ്പറുകളായ 391/16 (Amount- 13,57,169); 32/16- (300000); 173/16-(525000); തെരുവ് വിളക്ക് റിപ്പയർ എന്നിവ ഐ കെ എം പത്രികയിൽ വന്നിട്ടില്ല.

ഐ കെ എം ആവശ്യപ്പെടുന്ന പണം നൽകിയിട്ടും സോഫ്റ്റ് വെയറുകൾ പൂർണ്ണ തോതിൽ ജനങ്ങൾക്കും, പഞ്ചായത്തിനും ഉപകാരപ്രദമാകുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപെടുത്തുന്നു. ഐ കെ എം ന്റെ സേവനം കുറ്റമറ്റതാക്കേണ്ടതാണ്. വർഷങ്ങളായി രൂപം നൽകിയ സോഫ്റ്റ്വെയറുകളിൽ ഇപ്പോഴും അപാകതകൾ തുടരുന്നത് ആശാസ്യമല്ല. ഐ കെ എം ന്റെ പ്രവർത്തനങ്ങളിലെ അപാകതകൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 അഡ്വാൻസ് നൽകി- ചെലവ് രേഖകൾ ഹാജരാക്കിയില്ല

താഴെ പറയുന്നവയ്ക്കായി അഡ്വാൻസ് നൽകിയെങ്കിലും ചെലവ് രേഖകൾ ഹാജരാക്കിയില്ല. വിശദാംശം ചുവടെ :-

| ക്രമ നം. | തുക | വൗ.നം. തി. | വിഷയം | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 35,000 | 21500702/ 21.10.2015 | ഇലക്ഷൻ ചെലവിലേക്ക് തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ചു. | |
| 2 | 10,000 | 21500040/ 8.3.16 | മുക്കം മിനി സിവിൽസ്റ്റേഷൻ ഉത്ഘാടന ചെലവിലേക്ക് ശ്രീ എ എം അഹമ്മദ് കുട്ടി ഹാജിക്ക് നൽകിയ തുക | |

ഇതിൽ ഇലക്ഷന് നൽകിയ 35000രൂപ തനത് ഫണ്ടിൽ വരവ് വെച്ചതായി പരിശോധനക്ക് ഹാജരാക്കി. 10000 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-16 ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച

നഗര സഭയിൽ ദാരിദ്ര്യം നിർമാർജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ക്ലേശം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി ആശ്രയ പദ്ധതി 2 ഘട്ടങ്ങളിലായി തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ട പദ്ധതിയിൽ 43 ഗുണഭോക്താക്കളും രണ്ടാം ഘട്ട പദ്ധ തിയിൽ 82 ഗുണഭോക്താക്കളും ഉൾപ്പെടുന്നതാണ് ആശ്രയ ഗുണഭോക്താക്കളുടെ ലിസ്റ്റ് . രണ്ടാം ഘട്ട പദ്ധതിയ്ക്ക് 02-12-2015 ലെ സ.ഉ.(സാധാ) 3589/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ആശ്രയ ഗുണഭോക്താക്കളെ പരിഗണി ക്കാതെയാണ് പദ്ധതികൾ

നടപ്പാക്കുന്നത്.വികലാംഗരും, വൃദ്ധരും,മാനസികരോഗികളും, ഒറ്റയ്ക്ക് താമസിക്കുന്ന മാനസിക രോഗികളും, തളർവാതം പിടി പെട്ടവരും, അന്ധരും, മാരക രോഗികളും, വിധവകളും ഉൾപ്പെടുന്ന ആശ്രയ ഗുണഭോക്താക്കൾക്ക് വേണ്ടി പദ്ധതിക ളൊന്നും നടപ്പിലാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. നിലവിൽ ആദ്യ ഘട്ട പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ചലഞ്ച് ഫണ്ട് വിനിയോഗിച്ച് ഭക്ഷണം നൽകുക മാത്രമാണ് ചെയ്യുന്നത് രണ്ടാം ഘട്ട ഗുണഭോക്താക്കൾ യാതൊരു സഹായവും ഇതുവരെ ലഭിച്ചിട്ടില്ല. ലഭ്യമാക്കേണ്ട സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ലഭ്യമാക്കേണ്ട സേവനങ്ങളുടെ വിശദാംശങ്ങൾ | ആദ്യ ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|---|
| 1 | പ്രൊജക്ട് പ്രകാരം ആകെ ഗുണഭോക്താക്കളാ | 43 | 82 |
| 2 | വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 2 | 3 |
| 3 | നാളിതുവരെ ലഭിച്ചവർ | 0 | 0 |
| 4 | വീട് ആവശ്യമുള്ളവർ | 14 | 11 |
| 5 | നാളിതുവരെ ലഭിച്ചവർ | 1 | 0 |
| 6 | വീട് റിപ്പയർ ആവശ്യമുള്ളവർ | 10 | 44 |
| 7 | നാളിതുവരെ ലഭിച്ചവർ | 0 | 0 |
| 8 | കുടിവെള്ളം ആവശ്യമുള്ളവർ | 12 | 28 |
| 9 | നാളിതുവരെ ലഭിച്ചവർ | 0 | 0 |

ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്ന നിരാശ്രയരും, നിരാലംബരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കര കയറ്റുന്നതിനും, അവരുടെ പുനരധിവാസം നടത്തുന്നതിനുമായിട്ടാണ് ആശ്രയ പരിപാടിയുടെ നടത്തിപ്പിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചത്. [സ.ഉ.(എം.എസ്)71/2003/പ്ലാനിംഗ്, തീയ്യതി .12.11.2003, സ.ഉ(എം.എസ്)12/2010/ത.സ്വ.ഭ.വ, 28.01.2004 ലെ 1344/എ.1/2004/പ്ലാനിംഗ് നമ്പർ സർക്കുലറിലൂടെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് മറ്റ് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രക്രിയ ബാധകമല്ലെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

16.11.2013 ലെ (എം എസ്) 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുബന്ധം 14 ഖ. 6.7(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവ് അനുബന്ധം 14 ഖ. 6.8 (i); അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. (ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലും ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി സ്ഥലം, ഭവനം, കുടിവെള്ളം, എന്നിവ ലഭ്യമാക്കിയിട്ടില്ല.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെന്നും, ദുർബലരെന്നും അധികാരികൾ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തിയ പ്രസ്തുത വിഭാഗക്കാരുടെ ഇല്ലായ്മകൾ പൂർണ്ണമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കേണ്ട ഗുണഭോക്താക്കളെ ഒഴിവാക്കി ഭവന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(32/15-16)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ പരിഗണന നൽകിയതിനു ശേഷം ജനറൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്..

## 3-17 വികസനഫണ്ട് വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചു

പ്രൊജക്ട് നം- എസ്.ഒ.07/ 2015-16

അങ്കണവാടി പോഷകാഹാരം

വികസന ഫണ്ട് അടങ്കൽ 2420000/-

ചെലവ്- 2599811

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

നഗരസഭയിലെ 35 അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതിയ്ക്കായി 2420000 രൂപയാണ് വികസന ഫണ്ട് വകയിരുത്തിയിരുന്നത്. എന്നാൽ താഴെ കാണിച്ച പ്രകാരം 2599811 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ/നമ്പർ, തിയ്യതി | തുക |
|---|---|
| 1/ 15-16/17-08-15 | 1561207 |
| 2/ 15-16/30-09-15 | 174476 |

| | |
|---|---|
| 5/ 15-16/31-12-15 | 205128 |
| 7/ 15-16/31-12-15 | 659000 |
| ആകെ | 2599811 |

പദ്ധതിയ്ക്കായി വകയിരുത്തിയതിലും 1,79,811 രൂപ( 2420000-2599811) അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(16/15-16)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അധിക തുക ചെലവഴിച്ചതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അധികം ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-18 പശ്ചിമ ഘട്ട വികസന പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ

പശ്ചിമ ഘട്ട വികസന പദ്ധതിയുടെ ഭാഗമായ തോട്ടത്തിൻ കടവ് വാട്ടർ ഷെഡ് പദ്ധതിയ്ക്കായി 2010-11, 2011-12, 2012-13 വർഷങ്ങളിലെ അംഗീകരിച്ച ആക്ഷൻപ്ലാൻ പ്രകാരം ചെലവഴിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ആക്ഷൻപ്ലാൻ വർഷം | WGDP ഫണ്ട് | പഞ്ചായത്ത് വിഹിതം | ഗുണഭോക്തൃ വിഹിതം |
|---|---|---|---|
| 2010-11 | 787500 | 98440 | 113475 |
| 2011-12 | 1668000 | 272644 | 766756 |
| 2012-13 | 1294500 | 187825 | 562175 |
| ആകെ | 3750000 | 558959 | 1442406 |
| ആകെ പദ്ധതി ചെലവ് | | | 5751365 |

പദ്ധതിയ്ക്കായി ഫണ്ട് ലഭിച്ചതിന്റെ വിശദാംശങ്ങൾ

| WGDP ഫണ്ട് | തിയ്യതി | പഞ്ചായത്ത് വിഹിതം | തിയ്യതി |
|---|---|---|---|
| 787500 | 2010-11 | 307030 | 10-04-2013 |
| 1668000 | 2011-12 | 251879 | 27-04-2016 |
| 1294500 | 2012-13 | | |
| 3750000 | | 558959 | |

MIDS (Malabar Integrated Development Society) എന്ന ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) കൃഷി ഓഫീസർ 2015-26 വർഷത്തിൽ നടപ്പിലാക്കിയ "തോട്ടത്തിൻ കടവ് നീർത്തടം പഞ്ചായത്ത് വിഹിതം " (എസ്.ഒ.404/16)എന്ന പദ്ധതിയിൽ 251879 രൂപ തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചതായും 3750000 രൂപ കേന്ദ്ര ഫണ്ട് വകയിരുത്തി ചെലവില്ല എന്നും IKM ചെലവ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുണ്ട്. ഇതിൽ തനത് ഫണ്ടായി നൽകിയ 251879 രൂപ ഈ പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിൽ(നം 100361201000066) 27-04-2016 ന് ക്രഡിറ്റ് ആയിട്ടേയുള്ളൂ. 2016 സെപ്റ്റംബർ ,ഒക്ടോബർ മാസങ്ങളിൽ മാത്രമാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്.3750000 രൂപ കേന്ദ്ര ഫണ്ട് 2010-11, 2011-12, 2012-13 വർഷങ്ങളിലെ അംഗീകരിച്ച ആക്ഷൻപ്ലാൻ പ്രകാരം ലഭിച്ചിട്ടുള്ള തുക 2015-16 വർഷം പദ്ധതിയിൽ വകയിരുത്തിയതിന്റെ കാരണം വ്യക്തമല്ല.

2) പദ്ധതി ആക്ഷൻപ്ലാൻ പ്രകാരം 1442406 രൂപ ഗുണഭോക്തൃ വിഹിതം പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രശീതികളും മറ്റും പരിശോധന യ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി ചെലവഴിച്ചതിന് രേഖയായി രശീതി ബുക്ക് രൂപത്തിൽ അച്ചടിച്ച വൗച്ചറുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷ അർഹത കാണിക്കുന്ന രേഖകൾ മുതലായവ ഹാജരാക്കിയിട്ടില്ല.

4) പദ്ധതി മാർഗരേഖ പ്രകാരം തയ്യാറാക്കേണ്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

5) ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പാക്കിയ പദ്ധതിയിൽ ആസ്തികളൊന്നും സൃഷ്ടിച്ചിട്ടില്ല. ആസ്തി റജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

6) പദ്ധതി നടപ്പിലാക്കിയതിന്റെ ഡോക്യുമെന്റേഷൻ തയ്യാറാക്കേണ്ടതുണ്ട്. ആയതിന്റ ഫോട്ടോ ,വീഡിയോ മുതലായവ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 3-19 അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്) നീക്കം ചെയ്യാൻ വൻ തുക ചെലവഴിച്ചു

2015-16 വർഷം നഗരസഭയിലെ അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്) നീക്കം ചെയ്യാൻ വലിയ തുകയാണ് ചെലവഴിച്ചത്. മുക്കം അങ്ങാടിയിൽ നിന്നും ഇത്തരം മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി നാച്ചർ ഗാർഡ് എന്ന സ്ഥാപനത്തിന് കിലോഗ്രാമിന് 4.80 രൂപ നിരക്കിൽ നീക്കം ചെയ്യാനായി നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്) നീക്കം ചെയ്യാൻ ലോഡ് ഒന്നിന് 27000 രൂപ നിരക്കിൽ ടി വി മുഹമ്മദ് അഷറഫ് നാച്ചർ ഗാർഡ് എന്നവർക്ക് നൽകിയിട്ടുണ്ട്.ഇവർക്ക് പണം നൽകിയതിന്റെ വിശദാംശം ചുവടെ :-

| ക്രമ നം. | ബിൽ നം./വൗച്ചർ നം | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 21500798/30.11.15 | 30,744 | 6405 kg @4.80/kg |
| 2 | 21500043/10.3.16 | 19,848 | 4135 kg @4.80 /kg |
| 3 | 21500875/1.1.16 | 28,608 | 5960 kg@4.80 /kg |
| 4 | 21500985/2.2.16 | 20424 | 4255 kg@4.80 /kg |
| | Total | 99624 | |

നഗരസഭയായപ്പോൾ മാലിന്യനിർമാർജനത്തിനായാണ് 99,624 രൂപ ചെലവഴിച്ചത്. ഗ്രാമപഞ്ചായത്ത് ആയിരുന്ന സമയത്ത് ഇതേ ആവശ്യത്തിനായി 3,30,052 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ തുടർച്ചയായി ഈ ഇനത്തിൽ തുക വിനിയോഗിക്കുന്നതിന് പകരമായി ഈ വക മാലിന്യങ്ങൾ കുറക്കുന്നതിനു വേണ്ടി (നിരോധിക്കുന്നതടക്കമുള്ള) നഗരസഭ ചെയ്ത പ്രവർത്തനങ്ങൾ വിശദീകരിക്കേണ്ടതാണ്.

## 3-20 ആശാദീപം പദ്ധതി -മാർഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

പ്രൊജക്ട് നം. : S0180/16

ചെലവ് : 170500/-(വികസന ഫണ്ട്(ജനറൽ)

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള പരിചരണവും പരിശീലനവും നല്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയതാണ് ആശാ ദീപം പദ്ധതി . ടീച്ചർ, ആയ എന്നിവർക്ക് ഹോണറേറിയം നൽകുന്നതിനാണ് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്.

| ബിൽ നമ്പർ , തിയ്യതി | തുക |
|---|---|
| 01/ 13-08-2015 | 46,500 |
| 03/ 29-08-2015 | 31,000 |
| 04/ 17-03-2015 | 15,500 |
| 07/ 29-03-2015 | 77,500 |
| ആകെ | 1,70,500 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) സ്ഥാപനം ബഡ്സ് സ്കൂൾ മാർഗരേഖ പ്രകാരമല്ല പ്രവർത്തിക്കുന്നത്

സ.ഉ(എം.എസ്) 148/2009 ത.സ്വ.ഭ.വ. തീ. 23.07.2009 മാർഗ്ഗരേഖയിലെ 23 നിബ ന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂൾ മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരി ടുന്നവർക്കായി പ്രത്യേകം സ്കൂളുകൾ പ്ലാൻഫണ്ട് ഉപയോഗിച്ച് നടത്താവുന്നതും, മാർഗ്ഗ രേഖ പ്രകാരമുള്ള യോഗ്യതയുള്ള ടീച്ചർമാർ, ആയമാർ എന്നിവർക്ക് ഉത്തരവിൽ നിർദ്ദേ ശിച്ചത പ്രകാരമുള്ള ഹോണറേറിയം നൽകാവുന്നതാണ്. എന്നാൽ മേൽ പരാമർശിച്ച ക്ലിനിക്കിന് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള അംഗീകാരം ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2)വികസന ഫണ്ട് ദീർഘകാല ശമ്പളബാധ്യതയുടെ ഭാഗമാക്കി

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ /തിയ്യതി.16-11-2013 പ്രകാരമുള്ള പദ്ധതി മാർഗരേഖ അനുബന്ധം 16ഖണ്ഡിക 7-2 പ്രകാരം വികസന ഫണ്ട് ഒരു കാരണ വശാലും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള ശമ്പള ചെലവിന്റെ ബാധ്യതയുടെ ഭാഗമാകാൻ പാടില്ല.ഒരു പ്രൊജക്ടിന്റെ ഭാഗമായി പരമാവധി 6 മാസത്തേയ്ക്ക് ഹോണറേറിയം നൽകാവുന്നതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥാപനത്തിന് സർക്കാർ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ് .നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/15-16) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-21 പാലിയേറ്റീവ് പരിചരണ പദ്ധതി - വാങ്ങിയ ഇന്ധനം വാഹനത്തിൽ നിറച്ചില്ല

പ്രൊജക്റ്റ് നം- എസ്.ഒ.181 / 2015-16

അടങ്കൽ - 400000/-

ചെലവ് 2,45,375

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പദ്ധതികൾക്കായുള്ള വാഹനത്തിൽ (KL 11 AN 1889) S.R. Fuel Manassery എന്ന സ്ഥാപനത്തിൽ നിന്ന് ഇന്ധനം നിറച്ചതിനുള്ള വില നല്കിയിട്ടുണ്ട്. വാഹനത്തിന്റെ ലോഗ് പരിശോധിച്ചതിൽ താഴെ പറയുന്ന തിയ്യതികളിൽ വാങ്ങിയിട്ടുള്ള ഇന്ധനം വാഹനത്തിൽ നിറച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇന്ധനം വാങ്ങിയ തിയ്യതി | വില | ബിൽ നമ്പർ തിയ്യതി |
|---|---|---|
| 17-04-2015 | 1000 | 2/15-16 13-08-15 |
| 14-07-2015 | 1000 | 4/15-16 29-08-15 |
| 5-08-2015 | 1000 | |
| 26-08-15 | 1000 | |
| 24-12-15 | 1000 | 8/15-16 31-03-16 |
| ആകെ | 50000 | |

ഓരോ പ്രാവശ്യവും ഇൻഡന്റ് നല്കി ഡീസൽ നിറയ്ക്കുമ്പോഴും ആയത് വാഹനത്തിന്റെ ലോഗ് ബുക്കിൽ സ്റ്റോക്കിലെടുക്കേണ്ടതും വാഹനത്തിന്റെ ഇന്ധനക്ഷമതയ്ക്കനുസരിച്ചുള്ള ഡീസൽ ഉപഭോഗം രേഖപ്പെടുത്തേണ്ടതുമാണ്. വാഹനം മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖയും സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.മാസാവസാനത്തിൽ ലോഗ് ബുക്ക് സംക്ഷിപ്തം തയ്യാറാക്കുന്നില്ല. സ്റ്റോക്കിൽ കാണിക്കാതെ ഡീസൽ ബില്ല് മാത്രം കാണിച്ച് വാങ്ങാത്ത ഡീസലിന് തുക അനുവദിച്ചിട്ടുണ്ട്.

.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(23/15-16)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. 5000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

## 3-22 മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

മൃഗ സംരക്ഷണ മേഖലയിൽ വളരെയധികം സാധ്യതയുള്ളതും ശ്രദ്ധ ആവശ്യമുള്ള പ്രദേശവുമായ മുൻസിപ്പാലിറ്റിയിൽ തൻവർഷം മൃഗാശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി മാത്രമാണ് ഈ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്. സ ഉ(എം എസ്)നമ്പർ 362/2013/തസ്വഭവ തീയതി 16.11.2013 ,ഖണ്ഡിക 3 പ്രകാരം പ്രൊജക്റ്റ് രൂപീകരണത്തിൽ ഉദ്പാദന മേഖലയുടെ വളർച്ചക്കായിരിക്കണം മുന്തിയ പരിഗണന നൽകേണ്ടത് എന്ന് നിഷ്കർഷിച്ചിരിക്കുന്നു.2 പ്രൊജക്റ്റുകൾ മാത്രം തയ്യാറാക്കി വെറ്റിനറി സർജൻ നിർവഹണം ചെയ്ത പ്രൊജക്റ്റുകൾക്കായി വകയിരുത്തിയ 14,00,000/- രൂപയിൽ 1,50,000/- രൂപ മാത്രമാണ് പ്രസ്തുത വർഷം ചെലവഴിച്ചിട്ടുള്ളത്.വളരെ പ്രാധാന്യമുള്ള ഉദ്പാദന മേഖലയിൽ ഒരു സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ തുകയുടെ 11 % മാത്രമെ തൻവർഷം ചെലവഴിച്ചിട്ടുള്ളു

അപാകതകൾക്ക് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(22/15-16)യ്ക്ക് ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവന പദ്ധതി. | സ.ഉ.സാ.407/10 തസ്വഭവ.5.2.10 | | 4548857 | 2300000 | | 2248857 |
| KURDFC ഷോപ്പിംഗ് കോംപ്ളക്സ് | സ.ഉ.1813/09 തസ്വഭവ 20.7.09 | | 7301658 | 620096 | 344103 | 6681562 |

•

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1794132 |
| തൻവർഷം നിക്ഷേപിച്ച തുക | 2500000 |
| ആകെ | 4294132 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4294132 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കൊടിയത്തൂർ SCB FDNO. – 20150020114905, 30.01.16 | 2500000 |
| മുക്കം മേഖലാ സഹകരണ സംഘം-749/27.3.13 | 612556 |
| കൊടിയത്തൂർ SCB 0201021435/30.3.13 | 602264 |
| കാരശ്ശേരി സഹകരണ ബാങ്ക്- 94313/25.3.14 | 578812 |
| കെ എസ് ഇ ബി 41/1964 നം.ബോണ്ട് | 500 |
| ആകെ | 4294132 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തായിരുന്ന കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 48 | 2003-04 | പൊതു പരാമർശം 1 | കളിമൺപാത്ര യൂണിറ്റ് പ്രവർത്തനമാരംഭിച്ചില്ല |
| 2001-02 പ്ലാൻ | 16 | 2003-04 | പൊതു പരാമർശം 3 | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം |
| 2001-02 | 18 | 2003-04 | പൊതു പരാമർശം 4 | കുടിവെള്ള പദ്ധതികൾ പരിപാലന കമ്മിറ്റികൾക്ക് കൈമാറിയില്ല. |
| 2000-01 | 32 | 2003-04 | പൊതു പരാമർശം 7 | നികുതി പിരിവിലെ അലംഭാവം വൻതുക കാലഹരണപ്പെട്ടു. |
| 2001-02 | - | 2004-05 | പൊതു പരാമർശം 3 | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു |
| 2002-03 | 3-11 | 2005-06 | പൊതു പരാമർശം 70(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല 220950 |
| 2003-04 | 3-11 | 2005-06 | 70(8) | കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാവുന്നു 38527 |
| 2002-03 | 2 | 2005-06 | 70(14) | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു |
| 2003-04 | 3-3 | 2005-06 | 74 | വരൾച്ചാ ദുരിതാശ്വാസം 1.2 ലക്ഷം ദുർവ്യയം |
| 2004-05 | 2-7 | 2006-07 | 3.79.1 | ബസ് സ്റ്റാന്റ് ഫീസ്, മാർക്കറ്റ് ഫീ 90-91 മുതൽ കുടിശ്ശിക |
| 2004-05 | 3-15 | 2006-07 | 3.79.19 | ടാറിന് അധികനിരക്ക് നൽകി |

| | | | | |
|---|---|---|---|---|
| | 3-16 | 2006-07 | 3.79.19 | മണ്ണ് പ്രവൃത്തി അപാകതകൾ |
| 2007-08 | 3-16 | 2009-10 | 3.2.1 | അസാധാരണചെലവ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനയും പാലിച്ചില്ല. |
| 2007-08 | 3-21 | 2009-10 | 3.8.11 | മുക്കം ബസ് സ്റ്റാന്റ് യാർഡ് നവീകരണം പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട് |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57110146.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69690024.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 269000.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2302645.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1423550.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-4 | 21000 | | സെക്രട്ടറി- ഗിരീഷ്കുമാർ കെ സെക്രട്ടറി |
| 2-10 | 248000 | | സെക്രട്ടറി-ഗിരീഷ്കുമാർ കെ സെക്രട്ടറി |
| 3-1 | | 1017019.00 | റസീന അസി.എഞ്ചിനീയർ എ.മുഹമ്മദ് അഷ്റഫ്, അസി.എക്സി.എഞ്ചിനീയർ സീന അലക്സ്.ഇ, അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 626881.00 | റസീന അസി.എഞ്ചിനീയർ എ.മുഹമ്മദ് അഷ്റഫ്, അസി.എക്സി.എഞ്ചിനീയർ സീന അലക്സ്.ഇ, അസി.എക്സി.എഞ്ചിനീയർ |
| 3-3 | | 537967.00 | റസീന അസി.എഞ്ചിനീയർ എ.മുഹമ്മദ് അഷ്റഫ്, അസി.എക്സി.എഞ്ചിനീയർ സീന അലക്സ്.ഇ, |

| | | | |
|---|---|---|---|
| | | | അസി.എക്സി.എഞ്ചിനീയർ |
| 3-4 | | 110775.00 | റസീന അസി.എഞ്ചിനീയർ എ.മുഹമ്മദ് അഷ്റഫ്, അസി.എക്സി.എഞ്ചിനീയർ |
| 3-8 | | 5000.00 | സെക്രട്ടറി - |
| 3-21 | | 5000.00 | മെഡിക്കൽ ഓഫീസർ, പിഎച്ച്സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 15678.00 | മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| 3-7 | 299811.00 | ക്ഷീര വികസന ഡെപ്യൂട്ടി ഡയക്ടർ |
| 3-11 | 747750.00 | ഹെഡ് മാസ്റ്റർ |
| 3-15 | 10000.00 | സെക്രട്ടറി |
| 3-17 | 179811.00 | ഐസിഡിഎസ് സൂപ്പർവൈസർ |
| 3-20 | 170500 | മെഡിക്കൽ ഓഫീസർ, പിഎച്ച്സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉദയൻ എ- സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് | കാവ്യ- വീട്, മായനാട് പി ഒ, 673008 |
| ഗിരീഷ്കുമാർ കെ സെക്രട്ടറി | സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | കണ്ണ്യേരുപ്പിൽ വീട്, തച്ചംപൊയിൽ പി ഒ, താമരശ്ശേരി 673573 |
| റസീന എൻ പി അസി. എൻജിനിയർ | അസി.എൻജിനിയർ മുക്കം നഗരസഭ | നീലഞ്ചേരി പുറായിൽ, സി സി യു പി സ്കൂളിന് സമീപം, ഇയ്യാട് പിഒ, ഉണ്ണികുളം- 673584 |

| | | |
|---|---|---|
| എ.മുഹമ്മദ് അഷ്റഫ്, അസി. എക്സി.എഞ്ചിനീയർ | എക്സി.എഞ്ചിനീയർ എൽ എസ് ജി ഡി- ജില്ലാ പഞ്ചായത്ത് | അരീക്കൽ- വീട് ചെലവൂർ പി ഒ കോഴിക്കോട് |
| സീന അലക്സ്.ഇ, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, കുന്ദമംഗലം ബ്ലോക്ക്പഞ്ചായത്ത് | ശ്രാവണം ഒഴയടി, കുന്ദമംഗലം പി ഒ, കോഴിക്കോട് 673571 |
| അഡ്വോ. കെ ആലിക്കുട്ടി മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മുക്കം | കളത്തിങ്ങൽ വീട്, പാഴൂർ പി ഒ, മാവൂർ- കോഴിക്കോട്- 673661 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ(പഞ്ചായത്തായിരുന്ന കാലഘട്ടം)

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി(പി3)209/10(12) തീയതി: 10.05.2011 | 10 | |
| 1997-98 | എൽ എഫ് കെ കെ ഡി(പി3) 832/13(7)തി 4.07.2013 | 4 | |
| 1998-99 | എൽ എഫ് കെ കെ ഡി(പി3) 209/10(14) തീയതി:10.05.2011 | 8 | |
| 1999-00 | എൽ എഫ് കെ കെ ഡി(പി3) 209/10(15) തീയതി:10.05.2011 | 24 | |
| 2000-01 | എൽ എഫ് കെ കെ ഡി(പി3) 209/10(16) തീയതി:10.05.2011 | 31 | |
| 2001-02 പദ്ധതി | എൽ എഫ് കെ കെ ഡി(പി3) 209/10(18) തീയതി:10.05.2011 | 13 | |
| 2001-02 | എൽ എഫ് കെ കെ ഡി(പി3) 209/10(17) തീയതി: 10.05.2011 | 9 | |
| 2002-03 | എൽ എഫ് കെ കെ ഡി(പി3) 209/10(19) തീയതി: 10.05.2011 | 17 | |
| 2003-04 | എൽ എഫ് കെ കെ ഡി(പി3) | 9 | |

| | | | |
|---|---|---|---|
| | 209/10(20)<br>തീയതി:10.05.2011 | | |
| 2004-05 | എൽ എഫ് കെ കെ ഡി(പി3)<br>209/10(21)<br>തീയതി:10.05.2011 | 19 | |
| 2005-06 | എൽ എഫ് കെ കെ ഡി(പി3)<br>209/10(22)<br>തീയതി:10.05.2011 | 21 | |
| 2006-07 | എൽ എഫ് കെ കെ ഡി(പി3) 209/10<br>തീയതി: 10.05.2011 | 24 | |
| 2007-08 | എൽ എഫ് കെ കെ ഡി (പി3) 1293/10<br>തീയതി:23.12.2010 | 60 | |
| 2008-09 | എൽ എഫ് കെ കെ ഡി(പി3) 1100/12<br>തീയതി:27.07.2012 | 22 | |
| 2009-10 | എൽ എഫ് കെ കെ ഡി(പി3) 239/12<br>തീയതി:15.4.2013 | 13 | |
| 2010-11 | എൽ എഫ് കെ കെ ഡി (പി3) 238/13<br>തീയതി:13.8.2013 | 23 | |
| 2011-12 | എൽ എഫ് കെ കെ ഡി (പി9)<br>1156/2014<br>തീയതി:1.08.2014 | 20 | |
| 2012-13 | എൽ എഫ് കെ കെ ഡി(പി9)1828/2014<br>തീയതി:12.12.2014 | 12 | |
| 2013-14 | എൽ എഫ് കെ കെ ഡി (പി9)<br>1309/2015<br>തീയതി:19.09.2015 | 16 | |
| 2014-15 | കെഎസ്എ കെകെഡി പി9/1309/15<br>14.3.2016 | 43 | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.

## <u>അനുബന്ധം -1</u>

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.കെ.കെ.ഡി. പി 14/754/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ – 0495-2371012

തീയതി: 31.1.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ 31.03.2016 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുക്കം നഗരസഭയുടെ 2015-16 (1.11.2015 – 31.3.2016)വർഷത്തെ ധനകാര്യ സ്റ്റേറ്റ് മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ്ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA.KKD.P 14/754/17

Kerala State Audit Department
District Audit Office
Civil Station – Kozhikode
PH: 0495-2371012
Dated: 31.1.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of MUKKAM MUNICIPALITY in Kozhikode District for the year ended on 31.03.2016 in accordance with section’4’ of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994; the rules made there under and the guidelince issued by the Comptroller and Auditor Generla of India for the purpose of certification of accounts of Municipalities.

In my openion, the Financial Statements of Mukkam Municipality for the year 2015-16 (1.11.2015 – 31.3.2016) subject to the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR
Kerala State Audit Department
District Audit Office, Kozhikode